2026 MARCH 16

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Ph 4 4907; 917 662 1122




# നൂറും കടന്ന ഫോമാ,

## ഫാമിലി കൺവൻഷന്റെ സസ്പെൻസ് നിറഞ്ഞ ഒരുക്കങ്ങളിൽ: ബേബി മണക്കുന്നേൽ


415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# നൂറും കടന്ന ഫോമാ, ഫാമിലി കൺവൻഷന്റെ സസ്‌പെൻസ് നിറഞ്ഞ ഒരുക്കങ്ങളിൽ: ബേബി മണക്കുന്നേൽ



എ.എസ് ശ്രീകുമാർ

നൂറ് അംഗസംഘടനകൾ തികച്ച് റിക്കാർഡ് സാഥാപിച്ച അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമാ ഈ അടുത്തയിടെ നടത്തിയ ബൈലോ ഭേദഗതിയിലൂടെ കൂടുതൽ ജനാധിപത്യപരമായി പുതിയ ദിശയിലേയ്ക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. 2008-ൽ ഫോമാ പിറന്ന അതേ മണ്ണിൽ, അതായത് മലയാളികളുടെ അമേരിക്കയിലെ എക്കാലത്തെയും വലിയ ഹബ്ബായ ഹൂസ്റ്റണിൽ മറ്റൊരു ഫാമിലി കൺവൻഷന് കൂടി തിരശീല ഉയരുകയാണ്. ഇക്കൊല്ലം ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ

എൻ.ആർ.ജി സ്റ്റേഡത്തിന് തൊട്ട് എതിർവശത്തുള്ള ഈ ആഡംബ ര ഹോട്ടൽ സമുച്ചയമായ 'വിൻധം ഹൂസ്റ്റണി'ൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് പ്രസിഡന്റ് ബേബി മണക്കുന്നേൽ നേതൃത്വം വഹിക്കുന്ന ടീം.

വർണാഭമായ ഒരു കാൻവാസിൽ വിഭാവനം ചെയ്യുന്ന കൺവൻഷന്റെ വിപുലമായ തയ്യാറെടുപ്പുകൾ ഊർജസ്വലമായി നടന്നുവരികയാണെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു. അംഗബലത്തിന്റെ കാര്യത്തിൽ 'സെഞ്ചുറി'യടിച്ച ഫോമാ ഈ ഭരണസമിതിയുടെ കാലയളവിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും ചരിത്രമാകാൻ പോകുന്ന ഒൻപതാമത് ഇന്റർനാഷണൽ ഫാമിലി കൺവൻഷന്റെ ഒരുക്കങ്ങളെപ്പറ്റിയും അദ്ദേഹം ഇമലയാളിയുമായി സംസാരിച്ചു. സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ...

***? ശ്രദ്ധേയമായ കേരളാ കൺവൻഷന് ശേഷം നടക്കുന്ന ഈ സിഗ്നേച്ചർ നാഷണൽ കൺവൻഷന്റെ ഒരുക്കങ്ങളെപ്പറ്റി...***

* രജിസ്ട്രേഷന് ആവേശകരമായ പങ്കാളിത്തമുണ്ട്. ഏർളി ബെഡ് രജിസ്ട്രേഷൻ ഈ മാർച്ച് 31-ന് അവസാനിക്കും. ആൾക്കാരെല്ലാം സജീവമായി പ്രതികരിക്കുന്നുണ്ട്. എല്ലാ റീജിയനുകളിലും കൺവൻഷൻ കിക്കോഫ് നടന്നുകൊണ്ടിരിക്കുന്നു. എക്സിക്യൂട്ടീവ് അംഗങ്ങൾ വിവിധ റീജിയനുകളിൽ സന്ദർശനം നടത്തുന്ന തിരക്കിലുമാണ്.

***? പ്രോഗ്രാമുകളൊക്കെ കൺഫേം ആയോ...***

* എല്ലാം അതിന്റെ ഒരുക്കത്തിലാണ്. കൾച്ചറൽ പ്രോഗ്രാം, ബിസിനസ് മീറ്റ് ഉൾപ്പെടെയുള്ള പരിപാടികൾ എല്ലാം പ്രൊഫഷണലായി നടത്തുന്നതിനുള്ള കമ്മിറ്റികളുടെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. ചെണ്ടമേളത്തിന്റെ അകമ്പടിയിൽ കേരളത്തനിമയാർന്ന ഘോഷയാത്രയോടെയാണ് ചരിത്രമാകാൻ പോകുന്ന കൺവൻഷന് തുടക്കം കുറിക്കുക.

***? ഹോട്ടലിലെ സൗകര്യങ്ങൾ വിലയിരുത്തുമ്പോൾ...***

* ആയിരങ്ങൾ പങ്കെടുക്കുന്ന ഫോമായുടെ ഒരു നാഷണൽ കൺവൻഷൻ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ എല്ലാം തന്നെ വിൻധം ഹൂസ്റ്റൺ ഹോട്ടലിലുണ്ട്. മൂന്ന് രാത്രികളിലും നാല് പകലുകളിലുമായി നടക്കുന്ന കൺവൻഷനിൽ മൂവായിരം പേർക്ക് തീയേറ്റർ സ്റ്റൈലിലും രണ്ടായിരം പേർക്ക് ബാങ്ക്വറ്റ് സ്റ്റൈലിലും ഇരിക്കാവുന്ന ഓഡിറ്റോറിയമാണ് ഉള്ളത്. 1200 വാഹനങ്ങൾ പാർക്ക് ചെയ്യാൻ പറ്റുന്ന പാർക്കിങ്ങ് ലോട്ട് നമുക്ക് വേണ്ടി റെഡിയാണ്. 800 മുറികളുള്ള ഹോട്ടലാണ് നേരത്തെ തന്നെ ബുക്ക് ചെയ്തത്. 1000 പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാവുന്ന ഡൈനിങ്ങ് ഏരിയയുമുണ്ട്. വിമൻസ് ഫോറത്തിനും യൂത്തിനും വേണ്ടി പ്രത്യേക ഹാളുകളും ക്രമീകരിക്കും. മീഡിയയ്ക്കും മറ്റും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തും.

***? ഭക്ഷണത്തിന്റെ നിലവാരം ഒക്കെ ഉറപ്പാക്കിയോ... കാരണം പലപ്പോഴും പരാതി വരുന്ന ഒരു മേഖലയാണിത്...***

* ഇവിടെ ആ പ്രശ്നം ഉദിക്കുമെന്നു തോന്നുന്നില്ല. ഏറ്റവും മികച്ച ഫുഡ് കൊടുക്കാൻ ബന്ധപ്പെട്ടവരുമായി ആവർത്തിച്ച് ചർച്ച ചെയ്ത് ഉറപ്പു വരുത്തുന്നുണ്ട്. സൗണ്ട് സിസ്റ്റവും എൽ.ഇ.ഡി വാളും ഒക്കെ നിലവാരമുള്ളതാക്കാൻ വെൻഡേഴ്സുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുന്നു.

***? കൺവൻഷൻ കമ്മിറ്റിയെ കുറിച്ച്...***

* കൺവൻഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുന്നു. എല്ലാ മേഖലകളിലുമുള്ള കമ്മറ്റികൾ തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു.






***? കേരളത്തിൽ നിന്ന് എത്തുന്ന രാഷ്ട്രീയ നേതാക്കൾ ആരൊക്കെ...***

* നാട്ടിലിപ്പോൾ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണല്ലോ. അതിനു ശേഷമേ നഅവിടെ നിന്നുള്ള രാഷ്ട്രീയ നേതാക്കളെ കൊണ്ടു വരുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുകയുള്ളു. മുഖ്യമന്ത്രി, മന്ത്രിമാർ ഉൾപ്പെടെയുള്ളവരെ കൊണ്ടു വരുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ എത്തിയ ശേഷമേ അത്തരം തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളു.

***? ഫോമാ പിറന്ന മണ്ണിൽ ഒരു കൺവൻഷൻ എത്തുമ്പോൾ സംഘടനയുടെ വളർച്ചയെ എപ്രകാരം നോക്കിക്കാണുന്നു...***

* 2008-ൽ ഫോമാ ജന്മം കൊള്ളുമ്പോൾ അധികം അംഗസംഘടനകൾ ഇല്ലായിരുന്നു. എന്നാലിപ്പോൾ നൂറ് അംഗസംഘടനകൾ ഉള്ള വലിയൊരു ഫെഡറേഷനായി ഫോമാ വളർന്നിരിക്കുന്നു. ഇനിയും നിരവധി സംഘടനകൾ ഫോമായിൽ ചേരാൻ സന്നദ്ധത അറിയിച്ച് മുന്നോട്ട് വരുന്നുണ്ട്. വളരെ അഭിമാനകരമായ ഒരു നേട്ടമാണിത്.

***? കൺവൻഷനോടൊപ്പം അടുത്ത ഇലക്ഷനും നടക്കുമല്ലോ. അതിനെപ്പറ്റി...***

* നിലവിൽ രണ്ട് പാനലുകളാണ് 2026- ’28 ഭരണസമിതിയിലേക്ക് ജനവിധി തേടുന്നത്. അവർ വിവിധ റീജിയനുകൾ സന്ദർശിച്ച് തങ്ങളുടെ നയപരിപാടികൾ വിശദീകരിക്കുന്ന സമയമാണിത്. ആ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് റീജിയൻ തലത്തിലും നാഷണൽ കമ്മിറ്റിയിലേക്കുമുള്ള സ്ഥാനാർഥികൾ ആവേശകരമായി മത്സര രംഗത്തുണ്ട്.

***? ഇലക്ഷൻ കമ്മീഷന്റെ പ്രവർത്തനങ്ങൾ...***

* ഇലക്ഷൻ കമ്മീഷനെ ഡിക്ലയർ ചെയ്തു കഴിഞ്ഞല്ലോ. മൂന്നംഗ ഇലക്ഷൻ കമ്മീഷനാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഒരാൾ കമ്മീഷണറും ബാക്കി രണ്ടുപേർ അംഗങ്ങളുമാണ്. ഇലക്ഷൻ വിജ്ഞാപനം അധികം താമസിയാതെ പുറപ്പെടുവിക്കും.

***? ഇക്കുറി എത്ര ഡെലിഗേറ്റുകൾ വോട്ട് ചെയ്യാനുണ്ടാവും...***

* ഏതാണ്ട് ആയിരത്തോളം ഡെലിഗേറ്റുകൾ ഇത്തവണ വോട്ടു ചെയ്യും. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 300 ഡെലിഗേറ്റുകൾ ഇത്തവണ കൂടുതലായി വോട്ടു ചെയ്യും. 2008 മുതലുള്ള ഫോമായുടെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ട്രഷറർമാർ തുടങ്ങിയവർക്ക് വോട്ടു ചെയ്യാൻ അവസരമുണ്ടാകും. കഴിഞ്ഞ തവണത്തേക്കാൾ 20 അംഗസംഘടനകൾ കൂടി ഫോമായിൽ എത്തിയിട്ടുണ്ട്. ഡെലിഗേറ്റുകളെ കൂടാതെ നിലവിലുള്ള നാഷണൽ കമ്മിറ്റി അംഗങ്ങൾക്കും ആർ.വി.പിമാർക്കും വോട്ടവകാശമുണ്ട്. ഫോമാ കൂടുതൽ ജനാധിപത്യപരമായി മുന്നോട്ടു പോകുന്നുവെന്നതിന്റെ തെളിവാണ് വോട്ടവകാശമുള്ള ഡെലിഗേറ്റുകളുടെ വർദ്ധന.

***? ഈ കൺവൻഷനിൽ എത്ര പേർ പങ്കെടുക്കും...***

* 3000-ത്തോളം പേരെയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഡെലിഗേറ്റുകൾ ഉൾപ്പെടെ ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുള്ള കൺവൻഷൻ ആയിരിക്കും ഇത്.

***? ഈ അടുത്ത നാളിൽ നടത്തിയ ബൈലോ ഭേദഗതികൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്...***

* റീജിയനുകളുടെ വിഭജനമാണ് പ്രധാനം. കൂടുതൽ അംഗസംഘടനകൾ ഉള്ള റീജിയനുകളെ

ജിയോഗ്രാഫിക്കലായി വിഭജിക്കുന്നതാണ് ഈ ഭേദഗതി. നിലവിൽ ഹൂസ്റ്റണിൽ ഒരു പരിപാടി വച്ചു കഴിഞ്ഞാൽ ഡാളസിൽ ഉള്ളവർക്ക് പങ്കെടുക്കാൻ കഴിയുകയില്ല. നേരെ തിരിച്ചും സംഭവിക്കും. ഇത്തരത്തിൽ മണിക്കൂറുകളോളം ഡ്രൈവ് ചെയ്ത് പോകേണ്ട പ്രായോഗിക ബുദ്ധിമുട്ടുകൾ മിക്കയിടത്തും ഉണ്ട്. അതൊഴിവാക്കി പ്രാദേശികമായ ജനപങ്കാളിത്തം അതാതിടങ്ങളിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് റീജിയനുകൾ പുന:ക്രമീകരിക്കുന്നത്.

***? ബൈ ലോ ഭേദഗതി ഏവരും അംഗീകരിക്കുന്നതാണോ...***

* തീർച്ചയായും. ഫോമായുടെ പ്രവർത്തനങ്ങൾ കർമഭൂമിയുടെ ഓരോ മുക്കിലും മൂലയിലും വ്യാപിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ ബൈലോ ഭേദഗതി അംഗസംഘടനകൾ ഉൾപ്പെടെ എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാവരും സംതൃപ്തരാണ്. ഇതിലൂടെ ഫോമായുടെ വളർച്ചയാണ് വിളിച്ചോതുന്നത്.

**ഫോമായുടെ പ്രവർത്തനങ്ങൾ കർമഭൂമിയുടെ ഓരോ മുക്കിലും മൂലയിലും വ്യാപിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ ബൈലോ ഭേദഗതി അംഗസംഘടനകൾ ഉൾപ്പെടെ എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാവരും സംതൃപ്തരാണ്. ഇതിലൂടെ ഫോമായുടെ വളർച്ചയാണ് വിളിച്ചോതുന്നത്.**

***? ഏത് സാഹചര്യത്തിലാണ് ബൈലോ ഭേദഗതി ആവശ്യമായിട്ട് വരുന്നത്...***

* ഈ ഭരണസമിതിയുടെ ആദ്യത്തെ അമൻമെന്റാണിത്. പല പോരായ്മകൾ ചൂണ്ടിക്കാണിക്കപ്പെടുകയും ചില അടിയന്തിര മാറ്റങ്ങൾ വിവിധ കോണുകളിൽ നിന്ന് നിർദ്ദേശിക്കപ്പെടുകയും ചെയ്തു. അതൊക്കെ സാക്ഷാത്ക്കരിക്കുന്നതിനായി എല്ലാ മുൻ പ്രസിഡന്റുമാർ ഉൾപ്പെടെ ഉള്ളവരെ വിശ്വാസത്തിൽ എടുത്ത് 2025 ഒക്ടോബർ 25-ന് ഫിലഡൽഫിയയിൽ നടന്ന മിഡ് ടേം ജനറൽ ബോഡിയിൽ അവതരിപ്പിച്ച 15 ഇന ബൈലോ അമൻമെന്റ് ഐകകണ്ഠ്യേനയാണ് പാസാക്കിയത്. ഇത് സംഘടനയുടെ കെട്ടുറപ്പിനും ഭാവികാല വളർച്ചയ്ക്കും ജനകീയ മുന്നേറ്റങ്ങൾക്കും ഉതകുന്നതാണ്.

***? കൺവൻഷനോടനുബന്ധിച്ച് പുതിയ ചാരിറ്റി പദ്ധതികളുടെ പ്രഖ്യാപനം ഉണ്ടാകുമോ...***

* നിർദ്ധന രോഗികൾക്കും വിദ്യാർത്ഥികൾക്കും എല്ലാം നിലവിൽ നമ്മൾ സാമ്പത്തിക സഹായം ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ ഭരണ സമിതിയുടെ കാലാവധി തീരും മുമ്പേ പാവപ്പെട്ടവർക്ക് വീടുകൾ വച്ചു കൊടുക്കുവാനുള്ള ആലോചനയുണ്ട്.

***? സാധാരണ ഒരു ഭരണസമിതിയുടെ പദ്ധതികൾക്ക് തുടർച്ച ഉണ്ടാകുന്നില്ല എന്ന പരാതിയുണ്ടല്ലോ...***

* തുടർച്ച ഉണ്ടാകും. കഴിഞ്ഞ കമ്മിറ്റിക്കാരുടെ ഹെൽപ്പിങ് ഹാൻഡ്സ് പദ്ധതി ഞങ്ങൾ തുടരുന്നു. വിദ്യാഭ്യാസ സ്കോളർഷിപ്പിനും തുടർച്ചയുണ്ട്. ഞങ്ങൾ ആവിഷ്ക്കരിച്ച 'അമ്മയോടൊപ്പം' പരിപാടി ഇനി പുതുതായി വരുന്നവർ ഏറ്റെടുത്ത് നടത്തുമെന്ന സൂചനയും ലഭിച്ചിട്ടുണ്ട്. ഫോമായുടെ പ്രഖ്യാപിക്കപ്പെട്ട പരിപാടികളെല്ലാം തന്നെ ഭരണസമിതി വ്യത്യാസമില്ലാതെ തുടരും. അതോടൊപ്പം പുതിയ ചാരിറ്റി പ്രോഗ്രാമുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്യും.

***? വനിതാഫോറം, യൂത്ത് ഫോറം എന്നിവയുടെ പ്രവർത്തനങ്ങൾ...***

* അമേരിക്കയിൽ ആദ്യമായി ഒരു വിമൻസ് സമ്മിറ്റ് നടത്തിയത് അടുത്തയിടെയാണ്. ഫോമായുടെ ചരിത്രത്തിൽ വനിതകൾ സ്വതന്ത്രമായി നടത്തിയ പ്രഥമ പരിപാടിയായിരുന്നു ഇത്. വരും കാലങ്ങളിൽ അതും തുടരും. യൂത്തിന്റെ പ്രോഗ്രാമുകളും ശ്രദ്ധിക്കപ്പെടുന്നതായിരുന്നു.

***? ഒറ്റപ്പെടുന്ന സീനിയർ സിറ്റിസൺസിന്റെ മാനസികോല്ലാസത്തിനായി എന്തെങ്കിലും പ്ലാൻ...***

* ഒരു റിട്ടയർമെന്റ് ഫെസിലിറ്റി ഉണ്ടാക്കുന്നതിനു വേണ്ടി ഫ്ളോറിഡയിലും ഹൂസ്റ്റണിലും സ്ഥലം നോക്കുന്നുണ്ട്. പ്രായമായവർക്ക് ടെൻഷൻ ഫ്രീയായി താമസിക്കുന്നതിനും ഒത്തുചേർന്ന് വിവിധ ആക്ടിവിറ്റികളിൽ മുഴുകുന്നതിനുമായി നൂറ് വീടുകൾ നിർമ്മിക്കുകയാണ് ഉദ്ദേശ്യം. വരുംകാല കമ്മിറ്റികൾ ഫോളോ അപ്പ് ചെയ്ത് ഇത് യാഥാർത്ഥ്യമാക്കിയാൽ അത് ഫോമായുടെ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു നാഴികക്കല്ലായിരിക്കും.

***

അതേ, നാഴികക്കല്ലുകൾ ഒട്ടേറെ പിന്നിട്ടാണ് ഫോമായുടെ സുസ്ഥിരമായ വളർച്ചയും വികാസവും. അതിന് അതാത് കാലഘട്ടത്തിലെ ഭരണ സമിതികൾ വെള്ളവും വളവും ഊർജവുമേകി. ഇപ്പോൾ മികവിന്റെ പര്യായമായ ബേബി മണക്കുന്നേലിന്റെ കൈയ്യിലാണ് ആ മാരത്തോണിന്റെ ബാറ്റൺ. വരുന്ന ജൂലൈ 30-ന് ആ ഓട്ടം 'വിൻധം ഹൂസ്റ്റണി'ൽ എത്തി ബാറ്റൺ കൈമാറുമ്പോൾ പുതു ചരിത്രം രചിക്കപ്പെടുകയായി. ആ മലയാളി മാമാങ്കത്തിന്റെ ആരവത്തിന് കാതോർക്കുകയാണ് ഫോമായും അതിന്റെ പ്രിയപ്പെട്ട ബന്ധുമിത്രാദികളും...



AMERICAN MEGA SHOW
AURA 2026
T&T PRODUCTION
SPICE GARDENS BAR & GRILL
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal

# പ്രചാരണത്തിന് വെറും 24 ദിവസം മാത്രം

## കുറഞ്ഞ കാലയളവിന്റെ ചങ്കിടിപ്പിൽ മുന്നണികൾ ഗോദയിലേക്ക്




എ.എസ് ശ്രീകുമാർ

നിയമസഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചതോടെ കേരള രാഷ്ട്രീയത്തിൽ ഇനി കടുത്ത പടപ്പുറപ്പാടിന്റെ ദിനങ്ങളാണ്. തിരഞ്ഞെടുപ്പിന്റെ കാഹളം മുഴങ്ങിക്കഴിഞ്ഞിരിക്കെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രഖ്യാപനം മുന്നണികളെയെല്ലാം ഞെട്ടിച്ചിരിക്കുന്നുവെന്നുവേണം പറയാൻ. കാരണം പ്രചാരണത്തിനും മറ്റ് ഒരുക്കങ്ങൾക്കുമെല്ലാം മുൻകാലങ്ങളിലേപ്പോലെ അധികം ദിവസങ്ങളില്ല. ഏപ്രിൽ 9-ന് വോട്ടെടുപ്പ് നടക്കുമെന്ന ഡൽഹിയിൽ നിന്നുള്ള ഔദ്യോഗിക അറിയിപ്പ് അപ്രതീക്ഷിതമായിരുന്നു. കൃത്യമായി പറഞ്ഞാൽ വെറും 25-ാം നാൾ മലയാളികൾ പോളിങ് ബൂത്തിലേക്ക് നീങ്ങും.

ഇത്രയും കുറഞ്ഞ ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പ് നടത്തുമെന്ന പ്രഖ്യാപനം രാഷ്ട്രീയ പാർട്ടികളുടെ കണക്കുകൂട്ടലുകളെയാകെ തെറ്റിച്ചിരിക്കുകയാണ്. തയ്യാറെടുപ്പിന് അധികം ദിവസങ്ങൾ ബാക്കിയില്ലാത്തതാണ് മുന്നണികളുടെ നെഞ്ചിടിപ്പ് കൂട്ടുന്നത്. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനും അധിക ദിവസങ്ങൾ ബാക്കിയില്ല. ഇനി എട്ട് ദിവസങ്ങളാണ് പത്രിക നൽകാൻ ബാക്കിയുള്ളത്. സൂക്ഷ്മപരിശോധന 24-ന് നടക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ 26 വരെ അവസരമുണ്ട്.

പ്രചാരണത്തിന് ദിനങ്ങൾ കുറവാണെങ്കിൽ ഫലപ്രഖ്യാപനത്തിന് 24 ദിവസം അസഹിഷ്ണുതയോടെ കാത്തിരിക്കുകയും വേണം. മെയ് നാലാം തീയതി ഏവരും ഉറ്റും നോക്കുന്ന ആ പ്രഖ്യാപനം ഉണ്ടാവും. വിഷുവും ഈസ്റ്ററും പരിഗണിച്ചാണ് ഏപ്രിൽ രണ്ടാം വാരത്തിൽ തന്നെ ഇലക്ഷൻ കമ്മിഷൻ വോട്ടെടുപ്പ് നിശ്ചയിച്ചത്. പിണറായി വിജയൻ മൂന്നാമൂഴത്തിനിറങ്ങുന്ന തിരഞ്ഞടുപ്പാണ് 16-ാം കേരള നിയമസഭയിലേക്ക് നടക്കുന്നത്. ഇത്തവണയും തുടർ ഭരണം ലഭിക്കുമെന്ന് ഇടതുമുന്നണി ഉറച്ച് വിശ്വസിക്കുന്നു. എന്നാൽ യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം 10 വർഷത്തിന് ശേഷം അധികാരത്തിൽ മടങ്ങിയെത്താനുള്ള സുവർണാവസരമാണ് കൈവന്നിരിക്കുന്നത്. തിരുവനന്തപുരം കേർപറേഷൻ ഭരണം പിടിച്ചതുൾപ്പെടെ കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിലെ നേട്ടങ്ങൾ ബി.ജെ.പി നേതൃത്വം

നൽകുന്ന എൻ.ഡി.എ മുന്നണിക്കും വലിയ ആത്മവിശ്വാസം പകരുന്നു.

സ്ഥാനാർത്ഥി നിർണയത്തിൽ ഇടതുമുന്നണി ഇതര മുന്നണികളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലെത്തിയിരിക്കുകയാണ്. സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്റർ നടത്തിയ വാർത്താസമ്മേളനത്തിലാണ് സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ചത്. സി.പി.എം 86 സീറ്റുകളിലാണ് മത്സരിക്കുന്നത്. ഇത്തവണ യുവത്വത്തിനും പുതുമുഖങ്ങൾക്കും വലിയ പ്രാധാന്യമാണ് പാർട്ടി നൽകിയിരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖ മന്ത്രിമാരും മുതിർന്ന നേതാക്കളും തങ്ങളുടെ സിറ്റിംഗ് സീറ്റുകളിൽ തന്നെ ജനവിധി തേടുന്നുണ്ട്.

ധർമ്മടത്ത് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ് സ്ഥാനാർത്ഥി. എം.വി ഗോവിന്ദന്റെ മണ്ഡലമായ തളിപ്പറമ്പിൽ അദ്ദേഹത്തിന്റെ ഭാര്യ പി.കെ ശ്യാമള ടീച്ചറാണ് സ്ഥാനാർത്ഥി. മട്ടന്നൂർ വി.കെ സനോജ്, ബേപ്പൂർ പി.എ മുഹമ്മദ് റിയാസ്, തിരുവമ്പാടി ലിന്റോ ജോസഫ്, തൃത്താല എം.ബി രാജേഷ്, ആലുവ എ.എം ആരിഫ് തുടങ്ങി 75 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെയാണ് പ്രഖ്യാപിച്ചത്. 11 മണ്ഡലങ്ങളിൽ സ്വതന്ത്രരാണ് മത്സരിക്കുന്നത്. അതിൽ ആറ് പേരെ പ്രഖ്യാപിച്ചു. ബാക്കി അഞ്ച് പേരെ പിന്നീട് പ്രഖ്യാപിക്കും. നടൻ മുകേഷിന് ഇത്തവണ സീറ്റില്ല.

സി.പി.ഐയും തങ്ങളുടെ ആദ്യ പട്ടിക പുറത്തിറക്കി. പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം നടത്തിയ വാർത്താ സമ്മേളനത്തിലാണ് 25 മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ചത്. പിണറായി സർക്കാരിലെ നാല് സി.പി.ഐ മന്ത്രിമാരും അതാത് മണ്ഡലങ്ങളിൽ തന്നെ വീണ്ടും മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചിട്ടുണ്ട്. കെ രാജൻ (റവന്യൂ മന്ത്രി), ഒല്ലൂർ. പി പ്രസാദ് (കൃഷി മന്ത്രി), ചേർത്തല. ജി.ആർ അനിൽ (ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി), നെടുമങ്ങാട്. ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീര വികസന മന്ത്രി), ചടയമംഗലം എന്നിവർ വീണ്ടും ജനവിധി നേടും. സി.പി.എം, സി.പി.ഐ പട്ടിക പുറത്തുവന്നതോടെ ഇടതുമുന്നണി പ്രചാരണരംഗത്ത് ആധിപത്യം ഉറപ്പിക്കും. കേരള കോൺഗ്രസ് (എം) അടക്കമുള്ള ഇടത് മുന്നണിയിലെ മറ്റ് പാർട്ടികൾ സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കാനുണ്ട്.

കേരളത്തിൽ ശക്തമായ സാന്നിധ്യമാകുമെന്ന് പ്രഖ്യാപിച്ച എൻ.ഡി.എയുടെ പട്ടിക നാളെ പുറത്തുവരുമത്രേ. ട്വന്റി ട്വന്റി അടക്കമുള്ള എൻ.ഡി.എയിലെ മറ്റ് ഘടകകക്ഷികളും സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കാനുണ്ട്. യു.ഡി.എഫ് ക്യാമ്പ് കടുത്ത ആശങ്കയിലാണ്. ഇനിയും പൂർണ്ണത വരാത്ത സ്ഥാനാർത്ഥി പട്ടിക കോൺഗ്രസിനും സഖ്യകക്ഷികൾക്കും വലിയ തലവേദനയാണ് സൃഷ്ടിക്കുന്നത്. കോൺഗ്രസിന്റെ സ്ഥാനാർത്ഥി നിർണയ ചർച്ച ഡൽഹിയിൽ പുരോഗമിക്കുകയാണ്. കണ്ണൂർ സീറ്റിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന നിലപാടിലാണ് കെ സുധാകരൻ. തിരഞ്ഞെടുപ്പ് ഷെഡ്യൂൾ പുറത്തുവന്നാൽ, 24 മണിക്കൂറിനകം സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുമെന്നാണ് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വ്യക്തമാക്കിയത്. യു.ഡി.എഫിന്റെ സ്ഥാനാർത്ഥികളെ നാളെ പ്രഖ്യാപിക്കാനാണ് സാധ്യത. യു.ഡി.എഫിലെ മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള മറ്റ് ഘടകകക്ഷികളും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടില്ല.


സ്ഥാനാർത്ഥി പ്രഖ്യാപനവും മുന്നൊരുക്കങ്ങളുമായി ഒരാഴ്ച കഴിഞ്ഞാൽ പിന്നെ കേവലം രണ്ടാഴ്ച മാത്രമാണ് നേരിട്ടുള്ള പ്രചാരണത്തിനായി മുന്നണികൾക്ക് ലഭിക്കുക. ഭവന സന്ദർശനങ്ങളേക്കാൾ കാടിളക്കിയുള്ള നേരിട്ടുള്ള പ്രചാരണത്തിലേക്ക് എല്ലാ പാർട്ടികളും അതിവേഗം കടക്കുമെന്നത് ഇപ്രാവശ്യത്തെ തിരഞ്ഞെടുപ്പിനെ തീപാറുന്ന പോരാട്ടമാക്കി മാറ്റും. നിലവിലെ ഇടതുമുന്നണി സർക്കാരിന്റെ കാലാവധി മെയ് 23-നാണ് അവസാനിക്കുക. കേവലം പ്രാദേശിക വിഷയങ്ങൾ മാത്രമല്ല, പശ്ചിമേഷ്യൻ യുദ്ധവും അന്താരാഷ്ട്ര തലത്തിലെ രാഷ്ട്രീയ മാറ്റങ്ങളും പാചകവാതകത്തിന്റെ ലഭ്യതക്കുറവും ഇത്തവണ കേരളത്തിലെ ചർച്ചകളിൽ സജീവമായി ഇടംപിടിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിലെ ഫലം ദേശീയ രാഷ്ട്രീയത്തിലും വലിയ ചലനങ്ങൾ സൃഷ്ടിക്കും.

വിവാദമായ വോട്ടർപട്ടിക തീവ്രപരിഷ്കരണത്തിന് (എസ്.ഐ.ആർ) ശേഷമുള്ള തിരഞ്ഞെടുപ്പാണിത്. 2.70 കോടി വോട്ടർമാരാണ് കേരളത്തിലുള്ളത്. വോട്ടർപട്ടികയിൽ പേരു ചേർക്കാൻ ഇനിയും അവസരമുണ്ട്. 1.38 കോടി സ്ത്രീ വോട്ടർമാരും, 1.31 കോടി പുരുഷ വോട്ടർമാരും ലിസ്റ്റിലുണ്ട്. ഇത്തവണ 4.24 ലക്ഷം പേർ ആദ്യമായി സമ്മതിദാനാവകാശം വിനിയോഗിക്കും. 30,471 പോളിങ് ബൂത്തുകളാണ് കേരളത്തിലുള്ളത്. കേരളത്തിനൊപ്പം തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി എന്നിവിടങ്ങളിലെയും വോട്ടെടുപ്പ് തീയതികൾ പ്രഖ്യാപിച്ചതോടെ രാജ്യം പൂർണ്ണമായും ഇലക്ഷൻ മൂഡിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. എൽ.ഡി.എഫും യു.ഡി.എഫും തമ്മിലുള്ള പരമ്പരാഗത പോരാട്ടത്തിനൊപ്പം എൻ.ഡി.എയുടെ സാന്നിധ്യം കൂടി ചേരുന്നതോടെ കേരളത്തിന്റെ ജനവിധി ആർക്കൊപ്പം നിൽക്കുമെന്ന് അറിയാൻ മെയ് 4 വരെയുള്ള കാത്തിരിപ്പ് മാത്രം.




PLAN FOR PEACE OF MIND
Make your choices now
SouthPark
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com

# ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു









നോർത്ത് ന്യൂജേഴ്സിയിലെ ആദ്യകാല മലയാളി എക്യുമെനിക്കൽ സംഘടനയായ ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പ് 2026–27 ലേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിൻറ് വർഗീസ് പ്ലാമൂട്ടിൽ, വൈസ് പ്രസിൻറ് റോയ് ജേക്കബ് കൊടുമൺ,സെക്രട്ടറി രാജൻ മാത്യു മോഡയിൽ, ട്രഷറർ സാമുവേൽ ജോർജ്, അസി. സെക്രട്ടറി അസി. ട്രഷർ സി.എസ്. രാജു.

കമ്മിറ്റി അംഗങ്ങൾ: റവ. ഫാ. ഡോ. ബാബു കെ. മാത്യു, റവ. പോൾ ജോൺ, വിക്ലിഫ് തോമസ്, അജു തര്യൻ, മോൻസി സ്കറിയ, ദയാൻ കുര്യൻ, രാജൻ പാലമറ്റം, ജോയി വർഗീസ്, കോശി കുരുവിള, സുജിത് ഏബ്രഹാം, ഷാജി ജോൺ, ജെംസൺ കുറിയാക്കോസ്, റെജി ജോസഫ് ,ഡെനി തോമസ്, എഡിസൻ മാത്യു, ഷാജൻ പൂക്കാട്ട്, ജെഷിൻ സഖറിയ, സൂസൻ മാത്യു.

ബോർഡ് ഓഫ് ട്രസ്റ്റീസ് : സാമുവേൽ ജോർജ്, പ്രൊഫ. സണ്ണി മാത്യൂസ്, വർഗീസ് പ്ലാമൂട്ടിൽ, വിക്ലിഫ് തോമസ്, ഷാജി ജോൺ, റവ. ഫാ.ഡോ. ബാബു കെ. മാത്യു.

ഓഡിറ്റേഴ്സ് രാജൻ പാലമറ്റം, എഡിസൻ മാത്യു.

മീഡിയ റെപ്രസൻറേറ്റീവ്സ് ജോഷിൻ സഖറിയ, ആൽവിൻ സഖറിയ, വർഗീസ് പ്ലാമൂട്ടിൽ.

പേട്രൻസ് റവ.ഫാദർ ഡോ. ബാബു കെ. മാത്യു, റവ. ജോൺ ടി.എസ്., റവ. സുബിൻ തോമസ്, റവ. ഫാ. ജോയി ജോൺ, റവ. ഫാ. സിമ്മി തോമസ്, റവ. ജേക്കബ് ഫിലിപ്പ്, റവ. ഫാ. വിവേക് അലക്സ്, റവ. പോൾ ജോൺ, റവ. ജോൺ കെ മാത്യു, റവ. ജെസ് എം.തോമസ്, റവ. ഡോ. അനിയൻകുഞ്ഞ് ജോയിക്കുട്ടി, റവ. ഡോ. ജോമി എം. തോമസ്.

ക്രിസ്തുവിൽ നാം ഒന്നാണ് എന്ന ചിന്തയിൽ ന്യൂജേഴ്സിയിലെ ആദ്യകാല മലയാളികളാരംഭിച്ച ഈ എക്യുമെനിക്കൽ പ്രസ്ഥാനം നാലു പതിറ്റാണ്ടുകൾ പിന്നിട്ടുവെന്നതു തന്നെ അഭിമാനകരമായ നേട്ടമായി കണക്കാക്കാം. പല സഭാവിഭാഗങ്ങളിൽ പെട്ടവരായി അന്ന് ഇവിടെ എത്തിയവർക്ക് സ്വന്തമായ ദേവാലയങ്ങളില്ലാതിരുന്ന സാഹചര്യമായിരുന്നു. പരസ്പരം കാണുന്നതിനും സൗഹൃദം പുലർത്തുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും ഈ പ്രസ്ഥാനം സഹായകമായിരുന്നു. ഇന്ന് എല്ലാവർക്കും സ്വന്തം ആരാധനാലയങ്ങളും ഭദ്രാസനങ്ങളുമെല്ലാം നിലവിൽ വന്നു. എങ്കിലും ക്രിസ്തുവിൽ നാം ഒന്നാണെന്നുള്ള ആശയത്തിന് ഇന്നും പ്രസക്തി നഷ്ടമായിട്ടില്ലെന്നുള്ളതിനും തെളിവാണ് ഈ പ്രസ്ഥാനം നിലനിൽക്കുന്നതെന്ന് വേണം കരുതുവാൻ. ക്രിസ്ത്യാനി സമൂഹം വെല്ലുവിളികളെ നേരിടുന്ന ഇക്കാലത്ത് ക്രിസ്ത്യാനികളുടെ ഐക്യം എക്കാലത്തെക്കാളും അധികം ഇന്ന് പ്രസക്തവുമാണ്. ഇതുപോലെയുള്ള എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ ശാക്തീകരണം എല്ലാ ക്രിസ്ത്യാനികളുടെയും ദൗത്യമായിരിക്കണമെന്ന് മനസ്സിലാക്കണം. അതുകൊണ്ടുതന്നെ ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പു പോലെയുള്ള പ്രസ്ഥാനങ്ങൾക്ക് പിന്തുണ നൽകുകയും പരിപാടികളിൽ സംബന്ധിച്ച് പ്രസ്ഥാനങ്ങൾക്ക് തങ്ങളാലുവുന്ന കൈത്താങ്ങൽ നൽകുകയും ചെയ്യണമെന്ന് ഭാരവാഹികൾ ആഗ്രഹിക്കുന്നു.

**ഈസ്റ്റർ ആഘോഷം 2026**

ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പിൻറെ ഈ വർഷത്തെ ഈസ്റ്റർ ആഘോഷം എപ്രിൽ 12 ഞായറാഴ്ച ബർഗൻഫീൽഡ് സെൻറ് മേരീസ് സിറിയക്ക് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെടും. സെൻറ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് വികാരി റവ. ഡോ. അനിയൻകുഞ്ഞ് ജോയിക്കുട്ടി ഈസ്റ്റർ സന്ദേശം നൽകും. വിവിധ സഭാ വിഭാഗങ്ങളിലെ ഗായകസംഘങ്ങൾ ഗാനങ്ങളാലപിക്കും. വിവിധ ക്രിസ്തീയ പരിപാടികളും ക്രമീകരിച്ചിട്ടുണ്ട്. തദവസരത്തിൽ ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പിൻറെ പേട്രന്മാരായി സേവനമനുഷ്ഠിച്ചു കേരളത്തിലേയ്ക്ക് മടങ്ങുന്ന സെൻറ് പീറ്റേഴ്സ് മാർത്തമ്മാ ചർച്ച് വാഷിംഗ്ടൺ ടൗൺഷിപ്പ് വികാരി റവ. ടി. എസ്. ജോൺ, ഹഡ്സൻ വാലി സി. എസ്. ഐ. ചർച്ച് ന്യൂ യോർക്ക് വികാരി റവ. സുബിൻ തോമസ് എന്നിവർക്ക് യാത്രയയപ്പും നൽകുന്നതാണ്. 4.30 ന് റിഫ്രെഷ്മെൻറ്സും പ്രോഗ്രാമിനെത്തുടർന്ന് ഫെലോഷിപ്പ് ഡിന്നറും ക്രമീകരിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**

പ്രസിഡൻറ്

വർഗീസ് പ്ലാമ്മൂട്ടിൽ (201)290 1643

വൈസ് പ്രസിഡൻറ്

റോയി ജേക്കബ് കൊടുമൺ (20)1 757 1521

സെക്രട്ടറി

രാജൻ മാത്യു മോഡയിൽ (201)6747492

ട്രഷറർ

സാമുവൽ ജോർജ് (201) 3150177

അസി. സെക്രട്ടറി, ട്രഷറർ

സി.എസ്. രാജു (201) 836 7552



NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
NRS PAY
nrspay.com
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.



# ഫൊക്കാന യുവജന വേദിയിൽ പുതിയ പ്രതീക്ഷയായി ഇസബൽ മാലിത്തുരുത്തേൽ 'ടീം എംപവർ' പാനലിൽ മത്സരിക്കുന്നു

വടക്കേ അമേരിക്കയിലെ മലയാളി സംഘടനകളുടെ മഹാസംഘടനയായ ഫൊക്കാനയുടെ (ഫൊക്കാന) അടുത്ത കാലഘട്ടത്തെ കൂടുതൽ സജീവവും യുവജനോന്മുഖവുമായ ദിശയിൽ നയിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി, പ്രസിഡന്റ് സ്ഥാനാർത്ഥിയായ ലീലാ മാരേട്ട് നയിക്കുന്ന ''ടീം എംപവർ'' പാനലിൽ യുവജന കമ്മിറ്റി സ്ഥാനത്തേക്ക് മത്സരിക്കുന്ന ഇസബൽ മാലിത്തുരുത്തേൽ ശ്രദ്ധ നേടുകയാണ്.

ചിക്കാഗോയിലെ സജീവ യുവനേതാവായ ഇസബൽ സമൂഹ പങ്കാളിത്തം, യുവജന മാർഗ്ഗനിർദ്ദേശം, പ്രൊഫഷണൽ വളർച്ച എന്നിവയിലൊക്കെയായി വലിയ ആവേശത്തോടെയാണ് പ്രവർത്തിച്ചു വരുന്നത്. യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് ആറ്റ് ചിക്കാഗോയിൽ നിന്ന് ബയോളജിയിൽ ബിരുദവും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മൈനറും നേടിയ ഇസബൽ, ചിക്കാഗോലാൻഡ് മേഖലയിലെ വിവിധ ക്ലയന്റുകളുമായി പ്രവർത്തിക്കുന്നതോടൊപ്പം സമൂഹ സേവന പ്രവർത്തനങ്ങളിലും സജീവമാണ്.

കോളേജ് കാലഘട്ടത്തിൽ തന്നെ നേതൃഗുണങ്ങൾ പ്രകടിപ്പിച്ച ഇസബൽ, Gao Labൽ റിസർച്ച് അസിസ്റ്റന്റായി പ്രവർത്തിച്ചതിനൊപ്പം Honors College Tutor ആയി വിദ്യാർത്ഥികൾക്ക് അക്കാദമിക് പിന്തുണ നൽകിയിരുന്നു. തുടർന്ന് Social Outreach Committee-യുടെ ചെയറായി സമൂഹസേവന പ്രവർത്തനങ്ങളും വിദ്യാർത്ഥി പങ്കാളിത്ത പരിപാടികളും നയിച്ചു. Society of Future Physicians-ൽ Physician Lecture Committee ചെയറായി പ്രവർത്തിച്ചപ്പോൾ നിരവധി വിദ്യാഭ്യാസ പരിപാടികളും ഡോക്ടർമാരുടെ പ്രഭാഷണങ്ങളും ഏകോപിപ്പിക്കുന്നതിൽ നേതൃത്വം നൽകി.

അതിനുപുറമെ Conosrtium of Universities for Global Health നൊപ്പം സേവന പ്രവർത്തനങ്ങളിലും, Asian American Mentorship Program വഴി വിദ്യാർത്ഥികളെ മാർഗ്ഗനിർദ്ദേശം നൽകുന്നതിലും, UI Health, Elmhurst Hospital തുടങ്ങിയ സ്ഥാപനങ്ങളിൽ സന്നദ്ധ സേവനം നടത്തുന്നതിലും ഇസബൽ സജീവമായിരുന്നു.

ഇപ്പോൾ റിയൽ എസ്റ്റേറ്റ് മേഖലയിലെ തന്റെ പ്രൊഫഷണൽ ജീവിതത്തോടൊപ്പം യുവജന ശക്തിയെ സമൂഹനിർമാണത്തിലേക്ക് കൊണ്ടുവരണമെന്ന ലക്ഷ്യത്തോടെയാണ് ഇസബൽ മുന്നോട്ട് വരുന്നത്. യുവജനങ്ങളുടെ കഴിവുകളും ഊർജവും സമൂഹ വികസനത്തിന് വിനിയോഗിക്കാനുള്ള ശക്തമായ ദൗത്യബോധമാണ് അവരെ ഈ സ്ഥാനത്തേക്ക് എത്തിച്ചിരിക്കുന്നത്. യുവജനങ്ങൾ നാളെയുടെ വാഗ്ദാനമാണെന്നും അവരുടെ ആശയങ്ങളും ഊർജവും സംഘടനകളെ മുന്നോട്ടു കൊണ്ടുപോകാൻ അനിവാര്യമാണെന്നും വിലയിരുത്തപ്പെടുന്ന ഈ സാഹചര്യത്തിൽ, വിവിധ പ്രായ വിഭാഗങ്ങളുടെയും വൈവിധ്യമാർന്ന പ്രൊഫഷണൽ പശ്ചാത്തലങ്ങളുടെയും ശക്തമായ കൂട്ടായ്മയായ ലീലാ മാരേട്ട് നയിക്കുന്ന ടീം എംപവർ ഫൊക്കാനയ്ക്ക് പുതിയ ഉണർവും ദിശയും നൽകുമെന്ന പ്രതീക്ഷ സമൂഹത്തിൽ ഉയരുന്നുണ്ട്.

ഇസബൽ മലിത്തുറുതേൽ പോലെയുള്ള യുവ നേതാക്കളുടെ പങ്കാളിത്തം ഫൊക്കാനയുടെ ഭാവിയെ കൂടുതൽ സജീവവും ലക്ഷ്യബോധമുള്ളതുമായ ദിശയിൽ നയിക്കുമെന്ന വിശ്വാസത്തിലാണ് സംഘടനാ പ്രവർത്തകരും യുവജനങ്ങളും.

# മലയാളത്തിന്റെ മാലാഖാമാർക്ക് അമേരിക്കയിൽ നിന്നൊരു കൈത്താങ്ങ്

സദാശിവൻകുഞ്ഞി

കേരളത്തിലെ സ്വകാര്യ ആരോഗ്യ മേഖല ഇന്ന് വലിയ ഒരു സമരത്തിന്റെ പാതയിൽ ആണ്. കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ജോലിയെടുക്കുന്ന ആയിരക്കണക്കിന് നഴ്സുമാർ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (UNA) എന്ന സംഘടനയുടെ നേതൃത്വത്തിൽ അവരുടെ ന്യായമായ വേതനത്തിനും തൊഴിൽ അവകാശങ്ങൾക്കും വേണ്ടി നടത്തുന്ന സമരം ഇന്ന് അഞ്ചാം ദിവസത്തിലേക്ക് കടക്കുന്നു

ഏകദേശം 1500 ൽ പരം സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും പ്രവർത്തിക്കുന്ന 75,000–ത്തിലധികം നഴ്സുമാരുടെ ജീവിതവും തൊഴിൽ സാഹചര്യവും ഇതേ രംഗത്തെ പൊതുമേഖലയിൽ നേഴ്സിങ്ങ് രംഗത്ത് പ്രവർത്തിക്കുന്നവരേക്കാൾ വളരെ പരിതാപകരം ആണ്. അടിസ്ഥാന ശമ്പളം 40000/രൂപ ആക്കുക എന്ന ആവശ്യമുൾപ്പെടെ ഈ മേഖലയിൽ നേഴ്സുമാർക്ക് ലഭിക്കേണ്ട അടിസ്ഥാനപരമായ ആവശ്യങ്ങൾ നിരവധിയാണ് .

നഴ്സിംഗ് രംഗത്ത് പെൻസിൽവാനിയ ഇൻഡ്യൻ അമേരിക്ക നഴ്സസ് ഒർഗനൈസേഷൻ (PIANO) സ്ഥാപിതമായത് 2006 ൽ ആയിരുന്നു. അന്നു മുതൽ അമേരിക്കയിലും ഇൻഡ്യയിലും നഴ്സുമാരുടെ ന്യായമായ എല്ലാ ആവശ്യങ്ങളിലും പിയാനോ കൃത്യമായി ഇടപ്പെട്ടു വരുന്നു. നഴ്സിംഗ് വിദ്യാർത്ഥികളുടെ ബോണ്ട്, സർട്ടിഫിക്കറ്റ് പിടിച്ചുവക്കൽ മുതലായ കാര്യങ്ങളിലും ഉയരം, വയസ്, വിവാഹസ്ഥിതി മുതലായവയിലും അടിമുടി വന്ന മാറ്റങ്ങളിൽ പിയാനോയുടെ സ്വാധീനം ചില്ലറയല്ല. PIANOയുടെ സ്ഥാപക പ്രസിഡന്റ് ശ്രീമതി ബ്രിജിത് വിൻസെന്റ് ഇപ്പോൾ നടന്നു വരുന്ന നേഴ്സുമാരുടെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഒരുലക്ഷം രൂപ ധനസഹായം നൽകി. തികച്ചും ന്യായമായ ഈ സമരത്തിന് സാമ്പത്തികമായി സഹായം ചെയ്ത് നമുക്കും



ഇവർക്കൊപ്പം നിൽക്കാം. താൽപ്പര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറിൽ തന്നാൽ കഴിയുന്ന തുക സമർപ്പിക്കാവുന്നതാണ്. ഇത് അവശത അനുഭവിക്കുന്ന നേഴ്സുമാർക്ക് ഒരു വലിയ കൈത്താങ്ങാവും .


KERALA STATE UNITED NURSES ASSOCIATION

AC/ NO 1507135000002296

IFSC CODE: KVBL0001507

KARUR VYSYA BANK, THRISSUR





Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and
advisory services in Long Island, New York City,
and the entire State of New York.

# പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ വന്ദ്യ സ്ലീബാ കാട്ടുമങ്ങാട്ട് കോർ എപ്പിസ്കോപ്പ

ഷാജി രാമപുരം

ന്യൂയോർക്ക്: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ സജീവ സാന്നിധ്യവുമായ വന്ദ്യ സ്ലീബാ കാട്ടുമങ്ങാട്ട് കോർ എപ്പിസ്കോപ്പ പൗരോഹിത്യ ശുശ്രൂഷയുടെ സുവർണ്ണ ജൂബിലി നിറവിൽ. പുണ്യശ്ലോകനായ ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചിട്ട് ഇന്ന് (മാർച്ച് 14 ശനി) 50 വർഷം തികയുന്നു. സഭയുടെ വിവിധ മേഖലകളിൽ അരനൂറ്റാണ്ടിലേറെ നീണ്ടുന



**സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച അദ്ദേഹം 1976-ൽ ഡൽഹി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തു. തുടർന്ന് ഗുജറാത്തിലെ ഗാന്ധിധാം, അഹമ്മദാബാദ് എന്നിവിടങ്ങളിൽ പള്ളികൾക്ക് തുടക്കം കുറിച്ചു. മസ്കറ്റ്, ചിങ്ങവനം ദയറാ പള്ളി, മാമംഗലം പള്ളി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം നിലവിൽ മുളന്തുരുത്തി പള്ളിയിൽ വികാരിയായി തുടരുന്നു.**

ിൽക്കുന്ന സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവെച്ചത്.

മുളന്തുരുത്തി മാർ ത്തോമൻ കത്തീഡ്രൽ ഇടവാംഗമായ സ്ലീബാ അച്ചൻ 1955 മേയ് 1-ന് ചരിത്രപ്രസിദ്ധമായ കാട്ടുമങ്ങാട്ട് കുടുംബത്തിൽ ജനിച്ചു. 1973 ജൂൺ 6-ന് മഞ്ഞിനിക്കര ദയറായിൽ വെച്ച് പാത്രിയർക്കാ പ്രതിനിധി അഭിവന്ദ്യ മോർ തീമോത്തിയോസ് അപ്രേം ആബൂദി മെത്രാപ്പോലീത്തയിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. വന്ദ്യ അച്ചനോടൊപ്പം അഭിവന്ദ്യരായ ബന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, ഗീവർഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത എന്നിവർ ഉൾപ്പെടെ ആറു പേർ ശെമ്മാശ പട്ടം സ്വീകരിച്ചിരുന്നു. 1976 മാർച്ച് 14-ന്, തന്റെ 21-ാം വയസ്സിൽ മലേകുരിശ് ദയറായിൽ വെച്ച് ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവയിൽ നിന്നാണ് കശ്ശീശ സ്ഥാനം സ്വീകരിച്ചത്. കടവിൽ ഡോ. മോർ അത്താനാസിയോസ് പൗലോസ് മെത്രാപ്പോലീത്ത ചടങ്ങിൽ സന്നിഹിതനായിരുന്നു.

സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച അദ്ദേഹം 1976-ൽ ഡൽഹി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തു. തുടർന്ന് ഗുജറാത്തിലെ ഗാന്ധിധാം, അഹമ്മദാബാദ് എന്നിവിടങ്ങളിൽ പള്ളികൾക്ക് തുടക്കം കുറിച്ചു. മസ്കറ്റ്, ചിങ്ങവനം ദയറാ പള്ളി, മാമംഗലം പള്ളി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം നിലവിൽ മുളന്തുരുത്തി പള്ളിയിൽ വികാരിയായി തുടരുന്നു. 1998 മാർച്ച് 20-ന് ദമാസ്കസിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വെച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവയാണ് അദ്ദേഹത്തെ കോർ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തിയത്.

’വിശുദ്ധഭൂമിയിലേക്കുള്ള നല്ല ഇടയൻ’ എന്ന പേരിൽ തീർത്ഥാടന യാത്രകളെ ആത്മീയാനുഭവമാക്കിയ സ്ലീബാ അച്ചൻ, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കിടയിൽ മൂന്നര ലക്ഷത്തോളം തീർത്ഥാടകരെ വിശുദ്ധനാട്ടിലേക്ക് നയിച്ചിട്ടുണ്ട്. 3,500-ലധികം തീർത്ഥാടന യാത്രകൾക്ക് നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ വിശ്വപ്രസിദ്ധമാണ്. ‘ചിറകു വിരിച്ച ആകാശയാത്രകൾ’ എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ വിദേശയാത്രകളുടെയും സന്ദർശനങ്ങളുടെയും ചരിത്രരേഖയാണ്.

പൗരോഹിത്യ സുവർണ്ണ ജൂബിലി ദിനമായ ഇന്ന് (മാർച്ച് 14 ശനി) രാവിലെ 7 മണിക്ക് വന്ദ്യ സ്ലീബാ കാട്ടുമങ്ങാട്ട് കോർ എപ്പിസ്കോപ്പ ഇടവകയായ മുളന്തുരുത്തി മാർത്തോമൻ യാക്കോബായ സുറിയാനി കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കും. യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാധ്യമ വിഭാഗമായ ജെ.എസ്.സി ന്യൂസിലൂടെ തൽസമയ സംപ്രേഷണം ചെയ്യും.

# അമ്പലപ്പുഴയുടെ ജി സുധാകരൻ സലാം പറഞ്ഞപ്പോൾ കണ്ണൂരിലെ കെ സുധാകരൻ കടുത്ത കോപത്തിൽ




എ.എസ് ശ്രീകുമാർ

രാഷ്ട്രീയ കേരളത്തിൽ സുധാകരൻമാർ സ്വന്തം പാർട്ടികളോട് കലഹിക്കുന്ന കാലമാണിത്. 63 വർഷത്തെ സംഭവ ബഹുലമായ സി.പി.എം ബന്ധം ഉപേക്ഷിച്ച് അമ്പലപ്പുഴയുടെ മുൻ എം.എൽ.എയും മുൻ മന്ത്രിയുമൊക്കെയായ മുതിർന്ന സഖാവ് ജി സുധാകരൻ സ്വതന്ത്ര വേഷം തിരഞ്ഞെടുത്തത് ഇന്നലെയാണ്. ഇന്ന് കണ്ണൂരിന്റെ ഗർജിക്കുന്ന സിഹവും കോൺഗ്രസ് എം.പിയുമായ കെ സുധാരകൻ തന്നെ നിയമസഭാ സ്ഥാനാർത്ഥിയാക്കാത്തതിലുള്ള രോഷം വൈകാരികമായിത്തന്നെ പ്രകടിപ്പിച്ചിരിക്കുന്നു. ജി സുധാകരനെപ്പോലെ ക്ഷിപ്ര കോപിയാണ് കെ സുധാകരൻ. അതുപോലെ പെട്ടെന്ന് തണുക്കുകയും ചെയ്യും. ആ വേദനയും അതൃപ്തിയും നിരാശയും കലിപ്പുമെക്കെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റിന്റെ രൂപത്തിൽ പുറത്തുവരികയും ചെയ്തു.

''കണ്ണൂർ എന്നത് എന്റെ ഹൃദയ രക്തമാണ്. കണ്ണൂരിലെ കോൺഗ്രസ്സ് എന്നും എന്റെ മേൽവിലാസവുമാണ്. കല്ലിൽ നിന്നും, കത്തിയിൽ നിന്നും, അരിവാളിൽ നിന്നും, ബോംബിൽ നിന്നും തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനടിയിൽ സംരക്ഷിക്കുന്നതുപോലെ ഞാൻ മുന്നിൽ നിന്ന് പൊരുതി സംരക്ഷിച്ച എന്റെ സഹോദരരെ കമ്മ്യൂണിസ്റ്റു കാപാലികർ ഉപദ്രവിക്കുന്നത് കണ്ടു നില്ക്കാൻ എനിക്കൊരിക്കലും സാധിക്കില്ല. ഞാൻ ഉണരുമ്പോൾ എന്റെ കണ്ണിൽ തെളിയുന്നത് ജീവനും രക്തവും നൽകി നമ്മളൊരുമിച്ചു കെട്ടിപ്പടുത്ത നമ്മുടെ പാർട്ടിയുടെ സ്വപ്നങ്ങളാണ്...'' കോൺഗ്രസ്



സ്ഥാനാർഥി നിർണയത്തിൽ അതൃപ്തി സംബന്ധിച്ച റിപ്പോർട്ടുകൾക്കിടെ കണ്ണൂരുമായുള്ള തന്റെ ആത്മബന്ധം വ്യക്തമാക്കുന്ന വൈകാരിക പ്രതികരണത്തിന്റെ തുടക്കമാണിത്.

''ഞാൻ കണ്ണടക്കുമ്പോൾ ഉൾക്കണ്ണിൽ തെളിഞ്ഞു വരുന്നത് കമ്മ്യൂണിസ്റ്റുകാർ നരനായാട്ട് നടത്തി കൊലപ്പെടുത്തിയ എന്റെ സഹപ്രവർത്തകരുടെ ചേതനയറ്റ മുഖവുമാണ്. കണ്ണൂർ ഹൃദയരക്തം ഇറ്റി വീണ നമ്മുടെ മണ്ണാണ്. പൊരുതി വിജയിച്ച കോൺഗ്രസ്സുകാരുടെ ത്യാഗഭൂമിയാണ്. ആ മണ്ണിന് വേണ്ടി കോൺഗ്രസിന്റെ ത്രിവർണ്ണ പതാക നെഞ്ചിലേറ്റി കെ. സുധാകരൻ എന്നും മുന്നിൽ തന്നെ ഉണ്ടാകും. എന്റെ ചോരയും വിയർപ്പും വീണ മണ്ണിൽ, എന്റെ സഹപ്രവർത്തകരുടെ ചോരവീണ മണ്ണിൽ, ഉറ്റവരെ നഷ്ടപ്പെട്ട പ്രിയപ്പെട്ടവരുടെ ചങ്കുപിളർന്ന വിലാപങ്ങളുയർന്ന മണ്ണിൽ കെ.സുധാകരൻ തലയുയർത്തി നില്ക്കും...''

''എന്റെ പ്രസ്ഥാനത്തെ സംരക്ഷിക്കാനുള്ള പ്രവർത്തനത്തിനിടയിൽ എന്റെ വീടിനെയും വീട്ടുകാരെയും കുറിച്ച് ഞാൻ ഈ നിമിഷം വരെ ചിന്തിച്ചിട്ടില്ല. എന്റെ കൈപിടിച്ച് വളർന്നവരും പ്രവർത്തിച്ചവരുമാണ് ഇന്ന് കണ്ണൂരിലുള്ള ഓരോ നേതാക്കളും. ഞാൻ അറിയാത്ത കണ്ണൂരില്ല, എന്നെ അറിയാത്ത കണ്ണൂരുമില്ല. കടന്നുവന്ന കനൽ വഴികൾ ഒരുപക്ഷെ മറ്റുള്ളവർക്ക് മറക്കാനാകുമായിരിക്കും, പക്ഷെ എനിക്കതൊന്നും മരണത്തിലും മറക്കാനാവാത്ത പച്ചയായ യാഥാർഥ്യങ്ങളാണ്...'' എന്നു പറഞ്ഞുകൊണ്ടാണ് സുധാകരൻ തന്റെ പോസ്റ്റ് അവസാനിപ്പിക്കുന്നത്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ എം.പിമാർ മത്സരിക്കേണ്ട എന്ന ഹൈക്കമാൻഡ് തീരുമാനം അറിയിച്ചതിന് പിന്നാലെ സുധാകരൻ കടുത്ത അതൃപ്തിയിലായിരുന്നു. സ്ഥാനാർഥി നിർണയ ചർച്ചകൾ ഡൽഹിയിൽ പുരോഗമിക്കെ ഇതിൽ പങ്കാളിയാകാതെ സുധാകരൻ കണ്ണൂരിലേക്ക് മടങ്ങുകയും ചെയ്തിരുന്നു. തുടർന്നാണ് ഈ പോസ്റ്റ്.

**ഞാൻ കണ്ണടക്കുമ്പോൾ ഉൾക്കണ്ണിൽ തെളിഞ്ഞു വരുന്നത് കമ്മ്യൂണിസ്റ്റുകാർ നരനായാട്ട് നടത്തി കൊലപ്പെടുത്തിയ എന്റെ സഹപ്രവർത്തകരുടെ ചേതനയറ്റ മുഖവുമാണ്. കണ്ണൂർ ഹൃദയരക്തം ഇറ്റി വീണ നമ്മുടെ മണ്ണാണ്. പൊരുതി വിജയിച്ച കോൺഗ്രസ്സുകാരുടെ ത്യാഗഭൂമിയാണ്. ആ മണ്ണിന് വേണ്ടി കോൺഗ്രസിന്റെ ത്രിവർണ്ണ പതാക നെഞ്ചിലേറ്റി കെ. സുധാകരൻ എന്നും മുന്നിൽ തന്നെ ഉണ്ടാകും.**

അതേസമയം, തിരുവനന്തപുരത്തും കണ്ണൂരിലും സുധാകരന് അനുകൂലമായി പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. സുധാകരന് സീറ്റ് നൽകിയില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നാണ് പോസ്റ്ററുകളിലെ മുന്നറിയിപ്പ്. കണ്ണൂരിൽ തനിക്ക് സീറ്റ് വേണം എന്നതൊഴിച്ച് യാതൊരു വിട്ടുവീഴ്ചയ്ക്കും സുധാകരൻ തയ്യാറല്ല. സുധാകരനെ പിണക്കുന്നത് കോൺഗ്രസിന് ദോഷവുമാണ്. ഈ ദുർഘട സന്ധിയിൽ രാഹുൽ ഗാന്ധി ഇടപെട്ട് സുധാകരനെ അനുനയിപ്പിക്കാൻ 16-ാം തീയതി തിങ്കളാഴ്ച ഡൽഹിയിലേയ്ക്ക് വിളിപ്പിച്ചിരിക്കുകയാണ്.

കെ സുധാകരൻ വഹിച്ചിരുന്ന കെ.പി.സി.സി പ്രസിഡന്റ് സ്ഥാനം 2025 മെയ് 8-ാം തീയതി സണ്ണി ജോസഫിന് നൽകുമ്പോൾ സുധാകരനെ കണ്ണൂർ സീറ്റിൽ മൽസരിപ്പിക്കാമെന്ന് ഹൈക്കമാൻഡ് വാക്ക് നൽകിയിരുന്നത്രേ. അതിന്റെ അടിസ്ഥാനത്തിലാണ് ഡൽഹിയിൽ നിന്ന് അടിയന്തിര വിളി വന്നിരിക്കുന്നത്. അവിടെ സീറ്റ് നിർണയ ചർച്ച തുടരുന്നുണ്ട്.

കോൺഗ്രസ് സ്ഥാനാർത്ഥി നിർണയ ചർച്ചകൾക്ക് വേണ്ടി ഡൽഹിയിലെത്തിയ സുധാകരൻ കടുത്ത അതൃപ്തിയോടെയാണ് പാർലമെന്റ് സമ്മേളനത്തിൽ പോലും പങ്കെടുക്കാതെ കേരളത്തിലേക്ക് മടങ്ങിയത്. എം.പിമാർ മത്സരിക്കണോ വേണ്ടയോ എന്ന കാര്യത്തിൽ കോൺഗ്രസിൽ തർക്കം നിലനിൽക്കവേയാണ് കെ സുധാകരന്റെ അതൃപ്തി പരസ്യമാക്കിയുള്ള ഈ നടപടി. കെ സുധാകരന് കണ്ണൂർ സീറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ഡി.സി.സി ഓഫീസിന് മുന്നിൽ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിരുന്നു. കണ്ണൂരിൽ മത്സരിക്കാനുള്ള തന്റെ താൽപര്യം സുധാകരൻ നേരത്തെ തന്നെ പ്രകടിപ്പിച്ചിരുന്നു. കോൺഗ്രസ് സ്ഥാനാർത്ഥി നിർണയത്തിനായുള്ള സ്ക്രീനിങ് കമ്മിറ്റി യോഗം ചേരാനിരിക്കെയാണ് സുധാകരൻ സ്വയം സ്ഥാനാർത്ഥി പ്രഖ്യാപനം നടത്തിയത്. എന്നാൽ ആരും സ്വയം സ്ഥാനാർത്ഥിയാകേണ്ട എന്ന താക്കീത് സണ്ണി ജോസഫ് നൽകിയിരുന്നു.

കണ്ണൂരിൽ സി.പി.എമ്മിന്റെ അക്രമ രാഷ്ട്രീയത്തോട് കട്ടയ്ക്ക് പോരടിച്ചു നിൽക്കാൻ കെ സുധാകരനോളം പോന്ന മറ്റൊരു നേതാവ് കോൺഗ്രസിൽ ഇല്ലെന്നതാണ് യാഥാർത്ഥ്യം. സുധാകരന്റെ ശബ്ദവും ശരീരഭാഷയും സി.പി.എം ഗുണ്ടായിസത്തെ എക്കാലത്തും വെല്ലുവിളിക്കുന്നതാണ് താനും. 2019 മുതൽ കണ്ണൂരിൽ നിന്നുള്ള ലോക്സഭ അംഗമായി തുടരുന്ന സുധാകരൻ 2009-ൽ കണ്ണൂർ എം.പി ആയിരുന്നു. 1996, 2001, 2006 തിരഞ്ഞെടുപ്പുകളിൽ കണ്ണൂരിന്റെ എം.എൽ.എ ആയി. 1991-ൽ എടക്കാട് നിയമസഭാ മണ്ഡലത്തിൽ 219 വോട്ടിന് കെ സുധാകരൻ സി.പി.എമ്മിലെ ഒ ഭരതനോട് തോറ്റിരുന്നു. സി.പി.എം കള്ളവോട്ട് ചെയ്തുവെന്ന് കേസ് കൊടുക്കുകയും 1992-ന് സുധാകരന് അനുകൂലമായി ഉണ്ടായ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1992 മുതൽ എടക്കാട് മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നു. സുപ്രീം കോടതിയെ സമീപിച്ച ഒ ഭരതന് അനുകൂലമായി 1996-ൽ വിധി വരുകയും എം.എൽ.എ സ്ഥാനം ലഭിക്കുകയും ചെയ്തിരുന്നു. 2009-ൽ കണ്ണൂർ ലോകസഭാ മണ്ഡലത്തിൽ നിന്ന് വിജയിച്ചപ്പോൾ നിയമസഭാംഗത്വം രാജി വെച്ചു.

താൻ വളർത്തിക്കൊണ്ടുവന്ന നേതാക്കൾ പോലും ഇപ്പോൾ തനിക്കെതിരെ തിരിയുന്ന സാഹചര്യത്തിലും, സ്വന്തം പ്രസ്ഥാനത്തെ സംരക്ഷിക്കാൻ വീടിനെപ്പോലും മറന്നാണ് പ്രവർത്തിച്ചതെന്നാണ് സുധാകരൻ ഇപ്പോൾ പറയുന്നത്. അതിവൈകാരികമായ ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ താൻ ഇപ്പോഴും കണ്ണൂർ സീറ്റിൽ മത്സരിക്കാൻ ആഗ്രഹിക്കുന്നുവെന്ന കൃത്യമായ സൂചനയാണ് സുധാകരൻ നൽകുന്നത്. സുധാകരന്റെ ഈ നീക്കം അണികളെ പ്രകോപിപ്പിക്കാനും സമ്മർദ്ദ തന്ത്രം പ്രയോഗിക്കാനുമാണെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. തിരഞ്ഞെടുപ്പിൽ അമ്പലപ്പുഴയിൽ ജി സുധാകരൻ സി.പി.എമ്മിന് തലവേദനയാകുന്നത് പോലെ കണ്ണൂർ സീറ്റ് നൽകിയില്ലെങ്കിൽ കോൺഗ്രസിന് വെല്ലുവിളിയാകുന്നത് കെ സുധാകരൻ തന്നെയായിരിക്കുമെന്നതിൽ തർക്കമില്ല.

**കോൺഗ്രസ് സ്ഥാനാർത്ഥി നിർണയ ചർച്ചകൾക്ക് വേണ്ടി ഡൽഹിയിലെത്തിയ സുധാകരൻ കടുത്ത അതൃപ്തിയോടെയാണ് പാർലമെന്റ് സമ്മേളനത്തിൽ പോലും പങ്കെടുക്കാതെ കേരളത്തിലേക്ക് മടങ്ങിയത്. എം.പിമാർ മത്സരിക്കണോ വേണ്ടയോ എന്ന കാര്യത്തിൽ കോൺഗ്രസിൽ തർക്കം നിലനിൽക്കവേയാണ് കെ സുധാകരന്റെ അതൃപ്തി പരസ്യമാക്കിയുള്ള ഈ നടപടി. കെ സുധാകരന് കണ്ണൂർ സീറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ഡി.സി.സി ഓഫീസിന് മുന്നിൽ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിരുന്നു.**

# കണക്ടിക്കട്ടിൽ മന്ത്രയുടെ പൊങ്കാല മഹോത്സവം ശ്രദ്ധേയമായി

**രഞ്ജിത് ചന്ദ്രശേഖർ**

സ്റ്റ്രാറ്റ്ഫേർഡ് : മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ് (MANTRAH) യുടെ ആഭിമുഖ്യത്തിൽ കണക്ടിക്കട്ടിലെ Maa Durga Temple, Stratfordൽ പൊങ്കാല മഹോത്സവം ഭക്തിപൂർവ്വം സംഘടിപ്പിച്ചു. സ്റ്റ്രാറ്റ്ഫേർഡിൽ ആദ്യമായാണ് ഇത്തരത്തിലുള്ള പൊങ്കാല മഹോത്സവം സംഘടിപ്പിക്കപ്പെട്ടത്. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന ചടങ്ങിൽ നിരവധി ഭക്തജനങ്ങൾ പങ്കെടുത്തു.

മന്ത്ര ജനറൽ സെക്രട്ടറി ശ്രീ ഉണ്ണി തോയക്കാടും റീജിയണൽ വൈസ് പ്രസിഡന്റ് രഞ്ജിത് നായരും, ട്രസ്റ്റീ ബേർഡ് അംഗം സുജനൻ എന്നിവർ ചടങ്ങുകളുടെ ഏകോപന പ്രവർത്തനങ്ങൾ നിർവഹിച്ചു. ആറ്റുകാൽ അമ്മയുടെ ഈ മഹോത്സവം ദുർഗാ ക്ഷേത്രത്തിൽ നടത്താൻ സാധിച്ചത് വലിയ അനുഗ്രഹമാണെന്ന് സംഘാടകർ അറിയിച്ചു.

ചടങ്ങിൽ മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ, ട്രെഷറർ സഞ്ജീവ് നായർ, ട്രസ്റ്റി വൈസ് ചെയർ കൊച്ചുണ്ണി ഇളവൻമഠം, ഡയറക്ടർ ബോർഡ് അംഗങ്ങളായ പുരുഷോത്തമ പണിക്കർ, സുരേഷ് ബാബു, കൺവെൻഷൻ ചെയർ ഷിബു ദിവാകരൻ, നാഷണൽ കൾച്ചറൽ ചെയർ സ്മിത ഹരിദാസ് എന്നിവരും പങ്കെടുത്തു. സ്റ്റ്രാറ്റ്ഫോർഡ് മേഖലയിലായി വിവിധ ഹിന്ദു ആത്മീയ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും, ഭക്തജനങ്ങളുടെ സഹകരണവും ദൈവാനുഗ്രഹവും ഉണ്ടെങ്കിൽ വരും വർഷങ്ങളിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് ഈ പരിപാടി വിപുലീകരിക്കാനാകുമെന്ന് ജനറൽ സെക്രട്ടറി ഉണ്ണി തോയക്കാട്ട് അറിയിച്ചു.-





ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന പൊങ്കാല മഹോത്സവം പ്രദേശത്തെ ഭക്തജനങ്ങളുടെ വലിയ ആത്മീയ സംഗമമായി മാറി.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


CELEBRATING
30
Service & Commitment
Blue Ocean
Wealth Solutions
A member of the MassMutual Financial Group
Philipose Samuel
I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals
BUSINESS NEEDS
PERSONAL NEEDS
Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements
Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs
Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*
Group Health insurance
Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance
Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning
Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies
MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998
Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283
Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# അടുത്ത കേരള മുഖ്യമന്ത്രി ആര് ?

## നോർത്ത് അമേരിക്കൻ മലയാള ചരിത്രത്തിലെ ആദ്യത്തെ മാധ്യമ സർവ്വേ




ന്യൂയോർക്ക്: ചരിത്രത്തിലാദ്യമായി ഒരു അമേരിക്കൻ മലയാളി മാധ്യമം കേരള മുഖ്യമന്ത്രി ആരായിരിക്കുമെന്നതിനെപ്പറ്റി ഒരു തിരഞ്ഞെടുപ്പ് സർവേ നടത്തുന്നു. അമേരിക്കയിൽ ഏറ്റവും കൂടുതൽ (ഏകദേശം 10 മില്യൺ) പ്രചാരമുള്ള ഇ മലയാളി സർവേയ്ക്ക് തികഞ്ഞ ആധികാരികതയുണ്ട്. അതിനാൽ രാഷ്ട്രീയമായോ അല്ലാതെയോ ഇവർക്ക് മാർക്കിടാം. സസ്പെൻസ് നിറഞ്ഞ വോട്ടെടുപ്പ് ഫലം ഉചിത സമയത്ത് പ്രഖ്യാപിക്കുന്നതാണ്. നിയമസഭാ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അമേരിക്കയിലെ ആദ്യത്തെ മലയാളം ഓൺലൈൻ ന്യൂസ് പോർട്ടലായ ഇ മലയാളിയും പ്രവാസി ചാനലും നടത്തുന്ന സർവേയിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ, സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ എം.എൽ.എ, രമേശ് ചെന്നിത്തല എം.എൽ.എ, മുൻ മന്ത്രി കെ.കെ ശൈലജ എം.എൻ.എ എന്നിവരാണ് അണിനിരക്കുന്നത്. ഇവരിലൊരാൾ അടുത്ത മുഖ്യമന്ത്രി ആവുമെന്നുറപ്പാണ്. എന്നാൽ ആ വ്യക്തി ആരായിരിക്കും..? അത് നിങ്ങൾ പറയുന്ന ആളാവട്ടെ.

### പിണറായി വിജയൻ

വരുന്ന ഇലക്ഷനിൽ മൂന്നാം തവണയും കേരളത്തിന്റെ മുഖ്യമന്ത്രിയാവാൻ ഗോദയിലിറങ്ങുന്ന വ്യക്തിയാണ് പിണറായി വിജയൻ. മൂന്നാമതും അധികാരത്തിൽ വരുമെന്ന എൽ.ഡി.എഫിന്റെ പ്രതീക്ഷയ്ക്ക് കരുത്തേകുന്നതാണ് ധർമ്മടം എം.എൽ.എ ആയ പിണറായിയുടെ സ്ഥാനാർത്ഥിത്വം. ഇന്നത്തെ എസ്.എഫ്.എയുടെ പൂർവ



സംഘടനയായ കെ.എസ്എ.ഫിന്റെ കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പിണറായി വിജയൻ നിരവധി വിദ്യാർത്ഥി സമര മുന്നേറ്റങ്ങളിൽ നേതൃത്വം വഹിച്ചു. പിന്നീട് കെ.എസ്.എഫ് സംസ്ഥാന സെക്രട്ടറിയായി. 1964-ലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായത്. പിന്നീട് തലശേരി മണ്ഡലം സെക്രട്ടറിയായി, ജില്ലാ കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. കണ്ണൂർ ജില്ലാ സെക്രട്ടറിയേറ്റ് അംഗമായ പിണറായി വിജയൻ 1978-ലാണ് സംസ്ഥാന കമ്മിറ്റിയിലെത്തിയത്. 1998-ൽ സി.പി.എം സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നെ എം.എൽ.എയും മന്ത്രിയുമായി. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മുഖ്യമന്ത്രി സ്ഥാനത്തിരുന്നവരുടെ പട്ടികയിൽ രണ്ടാം സ്ഥാനത്താണ് പിണറായി വിജയൻ. ഇക്കുറിയും ധർമ്മടത്ത് പിണറായി വിജയൻ മാറ്റുരയ്ക്കും.

## വി.ഡി സതീശൻ

പ്രതിപക്ഷ നേതാവ് സ്വാഭാവികമായും അടുത്ത മുഖ്യമന്ത്രി പദത്തിന് അർഹനാണ്. ഇപ്പോൾ പുതുയുഗ യാത്ര കഴിഞ്ഞ് മൈലേജുണ്ടാക്കിയിരിക്കുകയാണ് വി.ഡി സതീശൻ. 1996-ൽ ഇടതുമുന്നണി സ്ഥാനാർഥിയായിരുന്ന കെ.എം ദിനകരനെ 7,792 വോട്ടിന് തോൽപ്പിച്ച് ആദ്യമായി നിയമസഭയിലെത്തി. 2006-ലും 2011-ലും 2016-ലും 2021-ലും പറവൂരിൽ വിജയം ആവർത്തിച്ചു. പന്ത്രണ്ടാം നിയമസഭയിൽ കോൺഗ്രസ് വിപ്പ് സ്ഥാനം വഹിച്ചിരുന്ന ഇദ്ദേഹം അന്യസംസ്ഥാന ലോട്ടറിക്കെതിരായ രാഷ്ട്രീയ സംവാദങ്ങളിലൂടെ കൂടുതൽ മാധ്യമശ്രദ്ധ നേടി. പരിസ്ഥിതിക്കുവേണ്ടിയും, ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ടിന് അനുകൂലമായും പ്രതികരിക്കുന്ന എം.എൽ.എമാരുടെ രാഷ്ട്രീയേതര സംഘത്തിൽ പ്രമുഖൻ. എ.ഐ.സി.സി സെക്രട്ടറിയും 2014-ൽ കെ.പി.സി.സി വൈസ് പ്രസിഡന്റായും നിയമിതനായി. വി.ഡി സതീശന്റെ നേതൃത്വത്തിലാണ് ഇത്തവണ യു.ഡി.എഫ് തിരഞ്ഞെടുപ്പിനെ നേരിടുന്നത്. പറവൂരിൽ നിന്ന് തന്നെയാണ് സതീശൻ ഇക്കുറിയും ജനവിധി തേടുക.



## രാജീവ് ചന്ദ്രശേഖർ

മുൻ കേന്ദ്രമന്ത്രിയായ രാജീവ് ചന്ദ്രശേഖർ പണ്ട് ഒ രാജഗോപാലിലൂടെ ബി.ജെ.പി കേരളത്തിൽ അക്കൗണ്ട് തുറന്ന നേമത്ത് മന്ത്രി വി ശിവൻകുട്ടിക്കെതിരെയാണ് ജനവിധി തേടുന്നത്. തിരുവനന്തപുരം കേർപറേഷൻ ഭരണം പിടിച്ചെടുത്തതിന്റെ ആത്മവിശ്വാസം അദ്ദേഹത്തിനുണ്ട്. 2021 മുതൽ 2024 വരെ രണ്ടാം നരേന്ദ്ര മോദി മന്ത്രിസഭയിലെ സംസ്ഥാന ചുമതലയുള്ള കേന്ദ്ര സഹമന്ത്രിയായിരുന്നു കർണാടകയിൽ നിന്നുള്ള മുതിർന്ന ബി.ജെ.പി നേതാവായ രാജീവ് ചന്ദ്രശേഖർ. 2006 മുതൽ 2024 വരെ കർണാടകയിൽ നിന്നുള്ള രാജ്യസഭാംഗമായും പ്രവർത്തിച്ച ഇദ്ദേഹം കർണാടകയിലെ വ്യവസായ പ്രമുഖൻ കൂടിയാണ്. 2025 മാർച്ച് 24 മുതൽ കേരളത്തിലെ ബി.ജെ.പിയുടെ സംസ്ഥാന അധ്യക്ഷനാണ്. 2024-ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം മണ്ഡലത്തിൽ നിന്ന് മത്സരിച്ചെങ്കിലും സിറ്റിംഗ് എം.പിയായ ശശി തരൂരിനോട് പരാജയപ്പെട്ടു.



## എം.വി ഗോവിന്ദൻ

എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരിക്കെ രൂപീകരിച്ച ബാലസംഘത്തിലൂടെയാണ് എം.വി ഗോവിന്ദന്റെ പൊതുരംഗ പ്രവേശം. 1980-ൽ ഡി.വൈ.എഫ്.ഐ. രൂപീകരിച്ചപ്പോൾ ആദ്യ സംസ്ഥാന പ്രസിഡന്റായി. സി.പി.എം സംസ്ഥാന സെക്രട്ടറിയും, പാർട്ടിയുടെ പൊളിറ്റ്ബ്യൂറോ അംഗവുമാണ് ഗോവിന്ദൻ മാസ്റ്റർ എന്നറിയപ്പെടുന്ന എം.വി ഗോവിന്ദൻ. രണ്ടാം പിണറായി മന്ത്രിസഭയിലെ എക്സൈസ്, തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയായി തുടരവെ സംസ്ഥാന സെക്രട്ടറിയായിരുന്ന കോടിയേരി



ബാലകൃഷ്ണൻ ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് പുതിയ സെക്രട്ടറിയായി ഗോവിന്ദൻ മാസ്റ്ററെ 2022 ഓഗസ്റ്റ് 28-ന് തിരഞ്ഞെടുത്തു. 2022 സെപ്റ്റംബർ 2-ന് കാബിനറ്റ് മന്ത്രിപദം രാജിവച്ച് ഗോവിന്ദൻ മാസ്റ്റർ പാർട്ടി സെക്രട്ടറിയായി ചുമതലയേറ്റു. കോടിയേരി ബാലകൃഷ്ണൻ 2022 ഒക്ടോബർ ഒന്നിന് അന്തരിച്ചതിനെ തുടർന്ന് വന്ന ഒഴിവിൽ 2022 ഒക്ടോബർ 31-ന് പൊളിറ്റ് ബ്യൂറോ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

## രമേശ് ചെന്നിത്തല

എക്കാലത്തും ഹരിപ്പാടുകാരുടെ സ്വന്തം എം.എൽ.എയാണ് രമേശ് ചെന്നിത്തല. വിദ്യാർത്ഥി രാഷ്ട്രീയത്തിലെ കെ.എസ്.യു



നേതാവിൽ നിന്നും ആദ്യമായി രമേശ് ചെന്നിത്തല എം.എൽ.എയായി തിരഞ്ഞെടുക്കപ്പെട്ടത് ഹരിപ്പാട് നിന്നാണ്. അന്ന് വെറും 26 വയസായിരുന്നു രാഷ്ട്രീയത്തിലേയ്ക്ക് കെ കരുണാകരൻ കൈപിടിച്ചുയർത്തിയ രമേശിന്. കരുണാകരന്റെ മാനസപുത്രൻ എന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദേഹം 1986-ൽ മുപ്പതാം വയസ്സിൽ മന്ത്രിയായി സ്ഥാനമേറ്റു. ആഭ്യന്തര വകുപ്പ് മന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ സുപ്രധാന പദവികളും പിന്നീട് രമേശ് ചെന്നിത്തല വഹിച്ചു. അഞ്ച് തവണയാണ് ഹരിപ്പാട് നിന്ന് രമേശ് ചെന്നിത്തല നിയമസഭയിലെത്തിയത്. ഒന്നാം പിണറായി സർക്കാരിന്റെ സമയത്ത് രമേശ് ചെന്നിത്തല പ്രതിപക്ഷ നേതാവായിരുന്നെങ്കിലും 2021ലെ യു.ഡി.എഫിന്റെ ദയനീയ പരാജയത്തിന് പിന്നാലെ പ്രതിപക്ഷ നേതാവിന്റെ പദവി വി.ഡി സതീശനിലേക്കെത്തുകയായിരുന്നു. പക്ഷേ, നിരവധി ജനകീയ പ്രശ്നങ്ങൾ അദ്ദേഹം പൊതുജന സമക്ഷമെത്തിച്ചു.

## കെ.കെ.ശൈലജ

കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്തേയ്ക്കുള്ള ചർച്ചകളിൽ സജീവമായിരുന്നു ഒന്നാം പിണറായി സർക്കാരിലെ ആരോഗ്യമന്ത്രിയെന്ന നിലയിൽ ലോക പ്രശസ്തി നേടിയ കെ.കെ.ശൈലജ. പഴയ കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്നും 1996-ലും പേരാവൂർ മണ്ഡലത്തിൽ നിന്നും 2006-ലും നിയമസഭാംഗമായി. കേരള നിയമസഭാ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ എറ്റവും ഉയർന്ന ഭൂരിപക്ഷമായ 60,963 വോട്ടുകൾക്കാണ് ശൈലജ 2021-ൽ മട്ടന്നൂർ മണ്ഡലത്തിൽ നിന്ന് വിജയിച്ചത്. കേരളത്തിലെ കോവിഡ്-19 മഹാമാരി കൈകാര്യം ചെയ്യുന്നതിൽ ശൈലജ ടീച്ചറുടെ നേതൃത്വത്തിന് അന്താരാഷ്ട്ര ശ്രദ്ധ ലഭിച്ചു. 2020 ജൂൺ 23-ന് ഐക്യരാഷ്ട്രസഭ ടീച്ചറെ ആദരിക്കുകയുണ്ടായി. 'കൊറോണ വൈറസ് കൊലയാളി', 'റോക്ക് സ്റ്റാർ ആരോഗ്യമന്ത്രി' എന്നാണ് ഗാർഡിയൻ ടീച്ചറെ വിശേഷിപ്പിച്ചത്. ആരോഗ്യരംഗത്തെ സംഭാവനകൾ പരിഗണിച്ച് 2021-ലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയുടെ 'ഓപ്പൺ സൊസൈറ്റി പ്രൈസ്' എന്ന ബഹുമതിയും ശൈലജ ടീച്ചർ നേടി. ഈ പുരസ്കാരം നേടുന്ന ഇന്ത്യയിൽ




നിന്നുള്ള ആദ്യത്തെ വ്യക്തിയാണ് ശൈലജ. ഇത്തവണ പേരാവൂരിലാണ് പോരിനിറങ്ങുക.

മേൽ സൂചിപ്പിച്ച ആറുപേരുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി ഇ മലയാളിയുടെ സർവേയിൽ പങ്കെടുക്കാം. അമേരിക്കയിൽ ഏറ്റവും കൂടുതൽ വ്യൂവർഷിപ്പും റീഷർഷിപ്പുമുള്ള ഇ മലയാളി സർവേയ്ക്ക് തികഞ്ഞ ആധികാരികതയുണ്ട്. അതിനാൽ പൊളിറ്റിക്കൽ സ്പിരിറ്റോടെ തന്നെ ഇവർക്ക് മാർക്കിടാം. സസ്പെൻസ് നിറഞ്ഞ വോട്ടെടുപ്പ് ഫലം ഉചിത സമയത്ത് പ്രഖ്യാപിക്കുന്നതാണ്. കേരളത്തിലെ തിരഞ്ഞെടുപ്പിൽ ഒരു ജനപ്രിയ മാധ്യമം വഴി അമേരിക്കയിലെ രാഷ്ട്രീയ പ്രബുദ്ധരായ മലയാളികൾക്ക് സുചിന്തിതമായ അഭിപ്രായം പറയാനുള്ള അവസരമാണ് ഇ മലയാളി സർവേ.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ചെങ്കൊടിയേന്തിയ സഖാവ് സ്വതന്ത്രനാവുമ്പോൾ

## സി.പി.എമ്മിനെ കടുത്ത പ്രതിരോധത്തിലാക്കി ജി സുധാകരൻ




എ.എസ് ശ്രീകുമാർ

നിയമസഭാ തിരഞ്ഞെടുപ്പ് പടിവാതിൽക്കലെത്തി നിൽക്കെ സി.പി.എമ്മിന് കനത്ത പ്രഹരം നൽകി മുൻ മന്ത്രിയും കറതീർന്ന സി.പി.എം നേതാവുമായ ജി സുധാകരൻ അമ്പലപ്പുഴയിൽ സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കുമെന്നതാണ് ഇന്ന് രാഷ്ട്രീയ കേരളം കേട്ട വലിയ വാർത്ത. പാർട്ടിയുമായി ഇടഞ്ഞകന്ന് നിൽക്കുന്ന സുധാകരൻ മെമ്പർഷിപ്പ് പുതുക്കാതെ തുടരുകയായിരുന്നു. ഇതിനിടെ സി.പി.എം അഖിലേന്ത്യാ ജനറൽ സെക്രട്ടറി എം.എ ബേബി ഉൾപ്പെടെയുള്ളവർ ആലപ്പുഴയിലെ സനാതന പുരത്തെ സ്വവസതിയായ നവനീതത്തിൽ എത്തി അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും സുധാകരൻ വഴങ്ങിയില്ല. ഇന്നലെ രാത്രിയിലും നേതാക്കൾ എത്തിയെങ്കിലും വീടിനകത്തേയ്ക്ക് ക്ഷണിക്കാതെ പുറത്തു നിർത്തിയാണ് സുധാകരൻ അവരോട് സംസാരിച്ചത്. ഇതോടെ സുധാകരൻ അമ്പലപ്പുഴയിൽ സ്വതന്ത്രനായി മൽസരിക്കുമെന്ന് ഉറപ്പായി.

''ഒരു പാർട്ടിയിലും മുന്നണിയിലും ചേരാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആരേയും വ്യക്തിഹത്യ നടത്താനില്ല. എന്നാൽ എനിക്ക് വളരെയധികം വ്യക്തിഹത്യ നേരിടേണ്ടി വന്നിട്ടുണ്ട്. പൊളിറ്റിക്കൽ ക്രിമിനലുകളെ കൂടെക്കൊണ്ട് നടക്കരുത്. ആയിരക്കണക്കിന് കുട്ടികളെ അക്ഷരം പഠിപ്പിച്ച എന്റെ പിതാവിനെ വരെ മോശമായി വിളിച്ചു വ്യക്തിഹത്യ നടത്തിയിട്ടുണ്ട്. രാഷ്ട്രീയമാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ആയുധം, വ്യക്തിഹത്യയല്ല. കേഡർമാർക്ക് പാർട്ടി നേതാക്കളുടെ പിതാക്കൻമാരെ വരെ വിളിക്കാമെന്ന് അവസ്ഥയിലാണ് അമ്പലപ്പുഴയിലേത്. പല അധിക്ഷേപം നേരിട്ടിട്ടും പാർട്ടി



**താൻ യാതൊരു പരിഗണനയും അർഹിക്കാത്ത ആളാണെന്ന സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ പരാമർശത്തിൽ പ്രതിഷേധിച്ച് പാർട്ടി അംഗത്വം പുതുക്കുന്നില്ലെന്ന് ഈയിടെ ജി സുധാകരൻ പ്രഖ്യാപിച്ചതാണ് പ്രശ്നങ്ങൾ രൂക്ഷമാക്കിയത്. ആസന്നമായ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും തഴയപ്പെട്ടതിൽ അതൃപ്തി പ്രകടിപ്പിച്ചിരുന്നു.**

മെമ്പർഷിപ്പ് പുതുക്കാതിരുന്നിട്ടില്ല. എന്നാൽ, എന്തും കേട്ടുകൊണ്ട് മിണ്ടാതിരിക്കാൻ സാധിക്കില്ല...'' വീട്ടിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സുധാകരൻ പറഞ്ഞു. സി.പി.എം നേതാക്കളെ അതിരൂക്ഷമായിട്ടാണ് അദ്ദേഹം വിമർശിച്ചത്. അത് പിണറായിസത്തിന്റെ നെഞ്ചിൽ തറയ്ക്കുന്ന കൂരമ്പുകളായി മാറി.

അതേസമയം, സുധാകരനെതിരെ പാർട്ടിയിൽ യാതൊരു അവഗണനയും ഉണ്ടായിട്ടില്ലെന്ന് ആലപ്പുഴ ജില്ലാ സെക്രട്ടറി ആർ നാസർ വ്യക്തമാക്കുമ്പോൾ, പാർട്ടിയെ സുധാകരൻ പച്ചയ്ക്ക് ചതിച്ചുവെന്ന രൂക്ഷവിമർശനവുമായി മന്ത്രി സജി ചെറിയാനും എച്ച് സലാം എം.എൽ.എയും രംഗത്തെത്തി. അമ്പലപ്പുഴയിൽ സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കാനുള്ള ജി സുധാകരന്റെ തീരുമാനം ദൗർഭാഗ്യകരമാണെന്ന് പാർട്ടി ജനറൽ സെക്രട്ടറി എം.എ ബേബി പ്രതികരിച്ചതിന് പിന്നാലെയാണ് പ്രാദേശിക തലത്തിലും പ്രതിഷേധം ശക്തമാകുന്നത്. ഇതിനിടെ, സുധാകരനെ പിന്തുണക്കുന്നതിൽ യു.ഡി.എഫ് ഉചിതമായ നിലപാട് സ്വീകരിക്കുമെന്നായിരുന്നു കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫിന്റെ പ്രതികരണം.

സംസ്ഥാന രാഷ്ട്രീയത്തിൽ ഇനിയും വിസ്മയങ്ങൾ സംഭവിക്കുമെന്ന് പ്രതിപക്ഷ നേതാവി വി.ഡി സതീശൻ പറഞ്ഞു. സുധാകരനെ പിന്തുണയ്ക്കാൻ കോൺഗ്രസിൽ നേരത്തെ തന്നെ പൊതുധാരണ നിലനിന്നിരുന്നു. സുധാകരൻ സി.പി.എമ്മിൽ നിന്ന് പുറത്ത് വരുന്നത് തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനെതിരെ ശക്തമായ ആയുധമാക്കാനാണ് കോൺഗ്രസിന്റെ തീരുമാനം. സ്വതന്ത്രനായി മത്സരിക്കുന്ന ജി സുധാകരൻ പൂർണ പിന്തുണ നൽകാനാണ് സംസ്ഥാന നേതൃത്വം ആലോചിക്കുന്നത്. എന്ത് നിലപാട് സ്വീകരിക്കണമെന്നത് പാർട്ടിയും യു.ഡി.എഫും ചേർന്ന് ആലോചിക്കേണ്ട വിഷയമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും പ്രതികരിച്ചു. അമ്പലപ്പുഴയിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ആരാണെന്നതിനെപ്പറ്റി വിവരമൊന്നുമില്ലതാനും.

താൻ യാതൊരു പരിഗണനയും അർഹിക്കാത്ത ആളാണെന്ന സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ പരാമർശത്തിൽ പ്രതിഷേധിച്ച് പാർട്ടി അംഗത്വം പുതുക്കുന്നില്ലെന്ന് ഈയിടെ ജി സുധാകരൻ പ്രഖ്യാപിച്ചതാണ് പ്രശ്നങ്ങൾ രൂക്ഷമാക്കിയത്. ആസന്നമായ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും തഴയപ്പെട്ടതിൽ അതൃപ്തി പ്രകടിപ്പിച്ചിരുന്നു. തന്നെ അവഗണിക്കുന്നതിലും കുടുംബത്തെ അടക്കം അധിക്ഷേപിച്ചതിലും സുധാകരൻ നേതൃത്വത്തോട് പലതവണ പരാതിപ്പെട്ടിരുന്നു. എന്നാൽ ഇതിനെതിരെ നടപടികളൊന്നും ഉണ്ടായില്ല. പാർട്ടി പരിപാടികളിൽ നിന്ന് സുധാകരനെ പരമാവധി ഒഴിവാക്കി നിർത്തുന്ന രീതിയും തുടർന്നു. കഴിഞ്ഞ പുന്നപ്ര-വയലാർ രക്തസാക്ഷി വാരാചരണ പരിപാടിയിൽ പങ്കെടുപ്പിക്കാത്തതിൽ പ്രതിഷേധിച്ച് വലിയ ചുടുകാട്ടിൽ അദ്ദേഹം ഒറ്റയ്ക്ക് പുഷ്പാർച്ചന നടത്തി തന്റെ അമർഷം രേഖപ്പെടുത്തിയത് വലിയ വാർത്തയായി. സ്വന്തം വീടിനടുത്ത് നടന്ന പാർട്ടി ഏരിയ സമ്മേളനത്തിൽ പോലും സുധാകരനെ ക്ഷണിച്ചിരുന്നില്ല.

കർഷകത്തൊഴിലാളി സമരത്തിൽ രക്തം ചിന്തിയ സി.പി.എമ്മിന്റെ ഉറച്ച കോട്ടയായ ആലപ്പുഴയുടെ പുതുചരിത്രവുമായി ജി സുധാകരന്റെ പേര് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പലവട്ടം അമ്പലപ്പുഴ മണ്ഡലത്തെ പ്രതിനിധീകരിക്കുകയും മന്ത്രിയാവുകയും ചെയ്ത അദ്ദേഹത്തിന് ജനങ്ങളുമായി നേരിട്ടുള്ള ബന്ധമുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ പാടത്തും ഓഫീസിലും ഒരുപോലെ ഹാജരുണ്ടാവണമെന്ന് നിരവധി വേദികളിൽ അദ്ദേഹം പറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല തെളിയിച്ചിട്ടുമുണ്ട്. ചെങ്കൊടി പാറിപ്പറന്ന് മുദ്രാവാക്യങ്ങൾ മാറ്റൊലികൊള്ളുന്ന നാടിന്റെ പുത്രനാണ് സുധാകരൻ. പതിറ്റാണ്ടുകളായുള്ള സംഘടനാ പ്രവർത്തനത്തിലൂടെ കെട്ടിപ്പടുത്തതാണ് അവിടുത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. ട്രേഡ് യൂണിയനുകൾ, കർഷക സംഘങ്ങൾ, സഹകരണ ബാങ്കുകൾ, പാടശേഖര സമിതികൾ എന്നിവ മണ്ഡലത്തിൽ ശക്തമാണ്. അത്തരമൊരു ഉരുക്കുകോട്ട കെട്ടിയ ശക്തനാണ് ജി സുധാകരൻ.

പക്ഷേ, പാർട്ടിയുടെ അച്ചടക്ക നടപടികൾ ഏറെ ഏറ്റുവാങ്ങിയിട്ടുണ്ട് അദ്ദേഹം. ഇണങ്ങിയും പിണങ്ങിയുമുള്ള പാർട്ടി യാത്രയായിരുന്നു സുധാകരന്റേത്. താക്കീത്, ശാസന, പരസ്യ ശാസന, തരംതാഴ്ത്തൽ, സസ്പെൻഷൻ, അംഗത്വത്തിൽ നിന്ന് പുറത്താക്കൽ എന്നിങ്ങനെയാണ് സി.പി.എമ്മിലെ അച്ചടക്ക നടപടിയുടെ ആരോഹണക്രമം എങ്കിൽ പരസ്യ ശാസനയും തരംതാഴ്ത്തലും അദ്ദേഹം നേരത്തേ തന്നെ നേരിട്ടുകഴിഞ്ഞു. രണ്ടുതവണയും പാർട്ടിക്കെതിരെ പ്രവർത്തിച്ചെന്ന ആരോപണം ഉന്നയിച്ചായിരുന്നു നടപടി. 2002-ൽ പാർട്ടി പിടിക്കാൻ നടത്തിയ ശ്രമങ്ങളുടെ ഭാഗമായി വിഭാഗീയത ആരോപിച്ച് സംസ്ഥാന കമ്മിറ്റിയിൽനിന്ന് ജില്ലാ കമ്മിറ്റിയിലേക്ക് അദ്ദേഹത്തെ തരംതാഴ്ത്തുകയായിരുന്നു.

**പാർട്ടിയുടെ അച്ചടക്ക നടപടികൾ ഏറെ ഏറ്റുവാങ്ങിയിട്ടുണ്ട് അദ്ദേഹം. ഇണങ്ങിയും പിണങ്ങിയുമുള്ള പാർട്ടി യാത്രയായിരുന്നു സുധാകരന്റേത്. താക്കീത്, ശാസന, പരസ്യ ശാസന, തരംതാഴ്ത്തൽ, സസ്പെൻഷൻ, അംഗത്വത്തിൽ നിന്ന് പുറത്താക്കൽ എന്നിങ്ങനെയാണ് സി. പി. എമ്മിലെ അച്ചടക്ക നടപടിയുടെ ആരോഹണക്രമം എങ്കിൽ പരസ്യ ശാസനയും തരംതാഴ്ത്തലും അദ്ദേഹം നേരത്തേ തന്നെ നേരിട്ടുകഴിഞ്ഞു.**

എന്നാൽ, അടുത്ത സമ്മേളനത്തോടെ സംസ്ഥാന കമ്മിറ്റിയിലേക്ക് തിരികെയെത്തിയ അദ്ദേഹം ആലപ്പുഴ ജില്ലയിലെ ഏതിരാളികളില്ലാത്ത നേതാവായി ഉയർന്നു. വിഎസ് അച്യുതാനന്ദന്റെ വിശ്വസ്തനായിരുന്ന ജി സുധാകരൻ കളംമാറി പിണറായി പക്ഷത്തായതോടെ ആലപ്പുഴ ജില്ലയിലെ പാർട്ടിയിൽ വി.എസിന്റെ സ്വാധീനം നഷ്ടമായി തുടങ്ങി. വിഭാഗീയത വലിയ പ്രശ്നമായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ നിലപാടുകൾക്കനുസരിച്ചായിരുന്നു പാർട്ടി ജില്ലാ കമ്മിറ്റിയുടെ സഞ്ചാരം. പിണറായിയോടുള്ള അടുപ്പം സംഘടനാരംഗത്തും പാർട്ടിയിലും അദ്ദേഹത്തെ കരുത്തനാക്കി. വി.എസ് മന്ത്രിസഭയിൽ മന്ത്രിയായി. ഒന്നാം പിണറായി സർക്കാരിലും അദ്ദേഹത്തിന് സുപ്രധാന വകുപ്പാണ് ലഭിച്ചത്. എന്നാൽ ഇത്തവണ അമ്പലപ്പുഴ സീറ്റ് പ്രതീക്ഷിച്ച അദ്ദേഹത്തിന് സീറ്റ് നിഷേധിക്കപ്പെട്ടത് വലിയ മാനസിക ആഘാതമുണ്ടാക്കി.

ഇന്ന് അമ്പലപ്പുഴയിൽ സ്വതന്ത്രനായി മൽസരിക്കാൻ തീരുമാനിച്ചതോടെ അദ്ദേഹത്തിനെതിരായ പോസ്റ്ററുകൾ പലയിടത്തും പത്യക്ഷപ്പെട്ടു. പുതിയ സാഹചര്യത്തിൽ പ്രതിരോധ നടപടികളുമായി സി.പി.എം സജീവമായി രംഗത്തുണ്ട്. എല്ലാ തലങ്ങളിലും ജി സുധാകരനെ പ്രതിരോധിക്കുക എന്നത് തന്നെയാണ് സി.പി.എമ്മിന്റെ തീരുമാനം. ഇതിന്റെ ഭാഗമായി അമ്പലപ്പുഴ ഏരിയ കമ്മിറ്റി ഓഫിസിന് മുന്നിൽ പോസ്റ്ററുകൾ പതിച്ച് പ്രതിഷേധം ആരംഭിച്ചിട്ടുണ്ട്. രക്തസാക്ഷികൾ സിന്ദാബാദ്, വർഗ വഞ്ചകന് മാപ്പില്ല, വോട്ടില്ല... സി.പി.എം എന്ന് രേഖപ്പെടുത്തിയ പോസ്റ്ററുകളാണ് ഏരിയ കമ്മിറ്റി ഓഫിസിന് മുൻപിൽ പതിച്ചിരിക്കുന്നത്.

അമ്പലപ്പുഴയിലെ വിവിധ ഇടങ്ങളിലും പുന്നപ്ര വടക്ക്, പുന്നപ്ര പഞ്ചായത്തുകളിലും ആലപ്പുഴ നഗരത്തിലടക്കം ജി സുധാകരനെതിരെയുള്ള പ്രതിരോധം തീർത്തുകൊണ്ട് മുന്നോട്ടുപോകാനാണ് പാർട്ടി തീരുമാനം. യാതൊരു വിധത്തിലുള്ള രാഷ്ട്രീയ കാരണങ്ങളും ഇല്ലാതെയാണ് ജി സുധാകരന്റെ ഭാഗത്തുനിന്ന് ഇത്തരമൊരു നടപടിയുണ്ടായതെന്ന് താഴെത്തട്ടിലുള്ള പ്രവർത്തകർക്ക് പാർട്ടി വിശദീകരണം നൽകുന്നുണ്ട്. അമ്പലപ്പുഴയിൽ മത്സരിച്ചാൽ അദ്ദേഹത്തിന്റെ ആദർശ, അഴിമതി വിരുദ്ധ മുഖം വോട്ടുകൾ സമാഹരിക്കാൻ കാരണമാകുമെന്ന വിലയിരുത്തലുകൾ സജീവമാണ്. ഈ സാധ്യതകൾ പൂർണമായും ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള ശക്തമായ പ്രതിരോധം തീർക്കാനാണിപ്പോൾ നതാക്കളുടെ ശ്രദ്ധ.

# വേൾഡ് മലയാളി കൗൺസിൽ (WMC) ഫ്ലോറിഡ പ്രൊവിൻസ് 2026 – 2027 വർഷത്തെ ഭരണസമിതിയുടെ പ്രവർത്തന ഉത്ഘാടനവും ലോക വനിതാദിനാഘോഷവും അവിസ്മരണീയമായി




സ്മിതാ സോണി
ഒർലാണ്ടോ

ഫ്ളോറിഡ:- വേൾഡ് മലയാളി കൗൺസിൽ ഫ്ലോറിഡ പ്രോവിസിൻസ് 2026 -2027 വർഷത്തെ പ്രവർത്തനോത്ഘാടനം ലോക വനിതാദിനാഘോഷവും സൂം പ്ലാറ്റ്ഫോമിൽ മാർച്ച് 7 ശനിയാഴ്ച വൈവിധ്യമായ കലാപരിപാടികളോടെ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരായ നേതാക്കളുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. പ്രൊവിൻസ് പ്രസിഡന്റ് ശ്രീമതി. രേഷ്മ പുത്തൻ സ്വാഗതം ആശംസിച്ചു.

ഫ്ലോറിഡ പ്രൊവിൻസ് വിമൻസ് ഫോറം പ്രസിഡന്റ് ശ്രീമതി അനുരാധ മനോജ്, പ്രൊവിൻസ് ജോയിൻറ് സെക്രട്ടറി ശ്രീമതി. ഹിന്ദുജ ഒ നായർ എന്നിവർ അവതാരകരായിരുന്നു.

വിശിഷ്ടാതിഥിയായിരുന്ന പ്രമുഖ സിനിമ സിരിയൽ താരം ശ്രീമതി. സൂര്യ കല സ്ത്രീകൾ സ്വന്തം കാലിൽ നിന്ന് സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിനോടൊപ്പം സ്വന്തമായ ഐഡന്റിറ്റി ഉണ്ടായ്ക്കിയെടുക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചു പ്രതിപാദിച്ചതോടൊപ്പം സോഷ്യൽ മീഡിയയിലെ ചതിക്കുഴികളെക്കുറിച്ചു അവബോധമുള്ളവരായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സദസിനെ പ്രബോധിപ്പിച്ചു പ്രവർത്തനോത്ഘാടനം നിർവഹിച്ചു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ ശ്രീ. ഗോപാലപിള്ള പുതിയ കമ്മിറ്റിയുടെ സത്യപ്രതിജ്ഞ ചടങ്ങിന് നേതൃത്വം വഹിച്ചു. ചെ





യർമാൻ ശ്രീ. സോളമൻ ഡാളസ് (വെസ്റ്റ് പാം ബീച്ച്), പ്രസിഡന്റ് ശ്രീമതി. രേഷ്മ പുത്തൻ (ജാക്സൺവിൽ), ജനറൽ സെക്രട്ടറി ശ്രീ.രഞ്ജി ജോസഫ് (കിസ്സമീ), ട്രെഷറർ ശ്രീ.സോണി കണ്ണോട്ടുതറ (സാൻഫോർഡ്), വൈസ് ചെയർമാൻ ശ്രീ. റെജിമോൻ ആന്റണി (വെസ്റ്റ് പാം ബീച്ച്), വൈസ് പ്രസിഡന്റ് അഡ്മിൻ ശ്രീ.സണ്ണി കൈതമറ്റം (വിന്റർ പാർക്ക്), ജോയിൻറ് സെക്രട്ടറി ശ്രീമതി. ഹിന്ദുജ ഒ നായർ (ജാക്സൺവിൽ), ജോയിൻറ് ട്രെഷറർ ശ്രീ.ബിജു തോമസ് (താമ്പാ ), ഫ്ലോറിഡ പ്രൊവിൻസ് വിമൻസ് ഫോറത്തിന്റെ പ്രസിഡന്റ് ശ്രീമതി അനുരാധ മനോജ്, സെക്രട്ടറി Dr. പ്രിയ ജെറി, ട്രഷറർ ശ്രീമതി ബിജി ജോസഫ് , വൈസ് പ്രസിഡന്റ് Dr. മിനു ജോർജ്, ജോയിന്റ് സെക്രട്ടറി ശ്രീമതി സെലിൻ സണ്ണി, ജോയിന്റ് ട്രഷറർ ശ്രീമതി പ്രഭ മാത്യു, റീജിയണൽ പ്രതിനിധികളായി ശ്രീമതി റോഷ്നി ക്രിസ്നോയൽ, ശ്രീമതി ജെസ്സി തോമസ്, Dr. അഞ്ജു മോഹൻ, ശ്രീമതി അൽക്ക ലിജോ, ശ്രീമതി മെർലിൻ മാത്യു. എന്നിവർ ഫ്ലോറിഡ പ്രൊവിൻസിന്റെ പുതിയ സാരഥികളായി സത്യപ്രതിജ്ഞ ചെയ്തു സ്ഥാനം ഏറ്റെടുത്തു.

വേൾഡ് മലയാളി കൌൺസിൽ ഗ്ലോബൽ ചെയർമാൻ ശ്രീ. ഗോപാലപിള്ള, ഗ്ലോബൽ പ്രസിഡന്റ് ശ്രീ.ജോൺ മത്തായി, ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റഫർ വർഗീസ്, അമേരിക്ക റീജിയൻ ചെയർമാൻ ശ്രീ. ചാക്കോ കൊയ്ക്കലേത്ത്, പ്രസിഡൻറ് ശ്രീ. ജോൺസൺ തലച്ചെല്ലൂർ, സെക്രട്ടറി ശ്രീ. അനീഷ് ജെയിംസ്, ജോയിന്റ് സെക്രട്ടറി സ്മിതാ സോണി, ഫ്ലോറിഡ പ്രൊവിൻസ് ചെയർമാൻ ശ്രീ. സോളമൻ ഡ്ാളസ്, അമേരിക്ക റീജിയൻ വിമൻസ് ഫോറം സെക്രട്ടറി Dr. സൂസൻ ചാണ്ടി എന്നിവർ ആശംസയർപ്പിച്ചു.

ഫ്ളോറിഡയിലെ നാനാഭാഗങ്ങളിൽനിന്നും വൈവിധ്യമാർന്ന നയന മനോഹരങ്ങളായ കലാപരിപാടികൾ സൂമിലൂടെ അവതരിപ്പിച്ചു. മലയാളികളുടെ ഈ കൂട്ടായ്മ പൂർവാധികം ശക്തിയോടെ മുന്നോട്ട് പോകുവാൻ പ്രാർഥിച്ച് കൊണ്ട് ഫ്ലോറിഡ പ്രൊവിൻസ് ട്രഷറർ സോണി കണ്ണോട്ടുതറയുടെ കൃതജ്ഞതയോടെ പരിപാടികൾ പര്യവസാനിച്ചു.




'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# റെജി കുര്യനെ ഫൊക്കാന ആർ. വി. പി സ്ഥാനാർഥിയായി മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൻ(മാഗ്) നോമിനേറ്റ് ചെയ്തു



ഹ്യൂസ്റ്റനിലെ പ്രമുഖ സാമൂഹ്യ സാംസ്കാരിക പ്രവർത്തകനും മാഗ് മുൻ ബോർഡ് ഓഫ് ഡയറക്ടറുമായ റെജി കുര്യനെ ഫൊക്കാന ആർ . വി. പി സ്ഥാനാർത്ഥിയായി മാഗ് എക്സിക്യൂട്ടീവ് കമ്മിറ്റി നോമിനേറ്റ് ചെയ്തു.

ഫൊക്കാനയിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന റെജി കുര്യന്റെ സ്ഥാനാർഥിത്വം ഹ്യൂസ്റ്റനിലെ ഫൊക്കാന പ്രവർത്തനങ്ങൾക്ക് നവ ഉന്മേഷം പകരുമെന്ന് മാഗ് പ്രസിഡന്റ് റോയ് മാത്യു, സെക്രട്ടറി വിനോദ് ചെറിയാൻ, ട്രഷറർ സുനിൽ തങ്കപ്പൻ എന്നിവർ അഭിപ്രായപ്പെട്ടു.

മാഗിനെക്കൂടാതെ ഫ്രണ്ട്സ് ഓഫ് പിയർ ലാൻഡ് മലയാളി കമ്മ്യൂണിറ്റിക്ക് വേണ്ടി പ്രസിഡന്റ് സാം കെ തോമസ്, സെക്രട്ടറി , ട്രഷറർ എന്നിവരും പിന്തുണ അറിയിച്ചു.

ഇമ്മാനുവേൽ മാർത്തോമ ഇടവകയുടെ വൈസ് പ്രസിഡന്റ്, സഭാ പ്രതിനിധി മണ്ഡലം കമ്മിറ്റിയംഗം,ഫൊക്കാന നാഷണൽ കമ്മിറ്റിയംഗം എന്നീ നിലകളിൽ സ്തുത്യർഹ സേവനം അനുഷ്ഠിച്ചിട്ടുള്ള റെജി കുര്യന്റെ സേവനം ടെക്സാസ് റീജിയന് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് മുൻ ഫൊക്കാന പ്രസിഡന്റ് ജി കെ പിള്ള, മുൻ ആർ വി പി മാരായ എറിക് മാത്യു, ഡോ. രഞ്ജിത്ത് പിള്ള എന്നിവർ അഭിപ്രായപ്പെട്ടു.

# യുദ്ധം: മലയാളി അടുക്കളയുടെ 'ഗ്യാസ്' പോകുന്നു

## കൊതിയൂറും വിഭവങ്ങൾ ഹോട്ടലിലും കിട്ടാത്ത സ്ഥിതി




എ.എസ് ശ്രീകുമാർ

യു.എസ്-ഇസ്രയേൽ-ഇറാൻ യുദ്ധം കേരളത്തിലുള്ളവരുടെ ശാപ്പാടിനെയും ബാധിച്ചിരിക്കുകയാണ്. ഇന്ത്യ നേരിടുന്ന പാചകവാതക പ്രതിസന്ധിയുടെ അലയടികൾ കേരളത്തിലുമെത്തിയിരിക്കുന്നു. ഗ്യാസ് സിലിണ്ടറുകളുടെ ക്ഷാമം രൂക്ഷമായതോടെ വീടുകളിലെയും ഹോട്ടലുകളിലെയും പാചക രീതികളിൽ വലിയ മാറ്റം വരികയാണ്. ഗ്യാസ് കിട്ടാനില്ലെന്ന ഭീതിയിൽ ആളുകൾ വലിയ തോതിൽ ഇലക്ട്രിക് ഇൻഡക്ഷൻ കുക്കറുകൾ വാങ്ങുന്നുണ്ട്. നിവർത്തിയില്ലാത്തവർ പഴയ വിറകടുപ്പിനെയും ശരണം പ്രാപിക്കുന്നു. എന്നാൽ മിക്ക വീടുകളിലും വിറകടുപ്പ് ഇല്ലെന്നതാണ് ദയനീയമായ സ്ഥിതിവിശേഷം.

ഗ്യാസ് ശീലമാക്കിയതോടെ പരമ്പരാഗത അടുപ്പും പിന്നെ പുകയില്ലാത്ത അടുപ്പുമൊക്കെ പൊളിച്ചുകളഞ്ഞ് ഗ്രാനൈറ്റിട്ട് അവിടയെല്ലാം ഗ്യാസ് സറ്റൗ സ്ഥാപിച്ചതാണ് പുലിവാലായത്. വിറക് കിട്ടുന്ന കടകളും അന്യം നിന്ന് പോയി. വാണിജ്യ ആവശ്യങ്ങൾക്കുള്ള പാചകവാതക വിതരണം പൂർണമായും തടസപ്പെട്ടതോടെ ഹോട്ടലുടമകളും വലിയ ആശങ്കയിലാണ്. ഹോട്ടൽ ഭക്ഷണം തീവിലയിലേക്ക് കുതിക്കുമോ എന്ന ഭീതി വേണ്ട. കാരണം കത്തിക്കാൻ തീ തന്നെ ഇല്ലല്ലോ. വാണിജ്യ ആവശ്യങ്ങൾക്കുള്ള സിലിണ്ടറുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയതോടെ ഹോട്ടലുകൾ മെനുവിലെ വിഭവങ്ങൾ കുറച്ചു തുടങ്ങിയെന്നതാണ് ഏറ്റവും പുതിയ വിവരം. ഗ്യാസ് കൂടുതൽ ചെലവാകുന്ന വിഭവങ്ങൾ ഇനി വിളമ്പാനാകില്ല.

''വിറകടുപ്പുണ്ടെങ്കിലും ബിരിയാണിയോ ചോറോ പാചകം ചെയ്യാമെന്നേയുള്ളൂ. ചൈനീസ് വിഭവങ്ങൾക്കോ ലൈവായി ഉണ്ടാക്കുന്നവയ്ക്കോ അടുപ്പ് പറ്റില്ല. ഇപ്പോൾ ഓർഡർചെയ്യുന്നതിന്റെ പകുതി സിലിൻഡർമാത്രമാണ് കിട്ടുന്നത്. ഇതുപോലെയെങ്കിലും കിട്ടിയില്ലെങ്കിൽ സ്ഥിതി വഷളാകും...'' ഒരു വൻകിട ഹോട്ടൽ ഗ്രൂപ്പ് ഉടമ

**ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം പാചകവാതകം പരിമിതപ്പെടുത്തികൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവാണ് സേവന മേഖല കൂടിയായ ഹോട്ടലുകളെയും റസ്റ്റോറന്റുകളെയും ആശങ്കയിൽ ആക്കിയത്. രാജ്യത്തെ ഇന്ധനക്ഷാമം നിയന്ത്രിക്കുന്നതിനായാണ് കേന്ദ്ര പെട്രോളിയം മന്ത്രാലയം പുതിയ നിർദ്ദേശം പുറത്തിറക്കിയത്. വാണിജ്യ ആവശ്യങ്ങൾക്കുള്ള സിലിണ്ടറുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയതോടെ ഹോട്ടലുകളും റസ്റ്റോറന്റുകളും വലിയ പ്രതിസന്ധിയിലാണ്.**



പറഞ്ഞു. ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം പാചകവാതകം പരിമിതപ്പെടുത്തികൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവാണ് സേവന മേഖല കൂടിയായ ഹോട്ടലുകളെയും റസ്റ്റോറന്റുകളെയും ആശങ്കയിൽ ആക്കിയത്. രാജ്യത്തെ ഇന്ധനക്ഷാമം നിയന്ത്രിക്കുന്നതിനായാണ് കേന്ദ്ര പെട്രോളിയം മന്ത്രാലയം പുതിയ നിർദ്ദേശം പുറത്തിറക്കിയത്. വാണിജ്യ ആവശ്യങ്ങൾക്കുള്ള സിലിണ്ടറുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയതോടെ ഹോട്ടലുകളും റസ്റ്റോറന്റുകളും വലിയ പ്രതിസന്ധിയിലാണ്. പല ഹോട്ടലുകളിലും പ്രതിദിനം രണ്ട് മുതൽ അഞ്ച് വരെ ഗ്യാസ് സിലിണ്ടറുകളാണ് ആവശ്യമായത്.

പ്രതിസന്ധി രൂക്ഷമായതോടെ മെനുവിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഭക്ഷണശാലകൾക്ക് നാഷണൽ റസ്റ്റോറന്റ് അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശം നൽകി. * പാചകവാതകം ലാഭിക്കുന്നതിനായി കുറഞ്ഞ സമയം കൊണ്ട് തയ്യാറാക്കാവുന്ന വിഭവങ്ങൾക്ക് മുൻഗണന നൽകണം * ഗ്യാസിന് പകരമായി ഇൻഡക്ഷൻ കുക്കറുകൾ ഉൾപ്പെടെയുള്ള ഇലക്ട്രിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക * ഇന്ധനം ലാഭിക്കുന്ന രീതിയിലുള്ള പാചക പരീക്ഷണങ്ങൾ നടത്തണം * വിഭവങ്ങളുടെ ലഭ്യതക്കുറവിനെക്കുറിച്ച് ഉപഭോക്താക്കളുമായി കൃത്യമായ ആശയവിനിമയം നടത്തുകയും ജീവനക്കാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുകയും വേണം. തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ.




ഇതിനിടെ പൂഴ്ത്തിവെക്കൽ കൂടിയായതും, ഈ പ്രവണതയ്ക്ക് കടിഞ്ഞാണിടാൻ കേന്ദ്ര സർക്കാർ നടപടി ആരംഭിച്ചു കഴിഞ്ഞു. സാഹചര്യം രൂക്ഷമാവുന്നതിനിടയിൽ കേന്ദ്രത്തിനു മുന്നിൽ സംരക്ഷണ സംവിധാനം വേണമെന്ന ആവശ്യം വെക്കുകയാണ് സംസ്ഥാന സർക്കാർ. പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് പാചകവാതക ലഭ്യതയെക്കുറിച്ച് ഗൗരവകരമായ ആശങ്കകളാണ്


> **ഇറാൻ – ഇസ്രയേൽ യുദ്ധത്തിന് പിന്നാലെ ഹോർമുസ് കടലിടുക്ക് അടച്ചതാണ് പ്രതിസന്ധിക്ക് കാരണം. എന്നാൽ അതിനേക്കാൾ ഉപരിയായി, യുദ്ധസാഹചര്യത്തിൽ കപ്പലുകൾക്ക് ഇൻഷുറൻസ് നൽകുന്നത് കമ്പനികൾ നിർത്തലാക്കിയതാണ് പ്രതിസന്ധി ഇത്രമേൽ രൂക്ഷമാക്കിയതെന്ന് എൽ.പി.ജി വിതരണ അസോസിയേഷൻ വ്യക്തമാക്കുന്നു.**

ഉയരുന്നത്. ഗാർഹിക കണക്ഷനുകളുടെ ബുക്കിംഗ് ഇടവേള 27 ദിവസമായി പരിമിതപ്പെടുത്തിയതും സ്ഥിതിഗതികളെ കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. ഹോട്ടലുകളോടൊപ്പം ക്യാന്റീനുകളുടെ പ്രവർത്തനവും നിലയ്ക്കുമെന്ന സ്ഥിതായാണുള്ളത്.

ഇറാൻ-ഇസ്രയേൽ യുദ്ധത്തിന് പിന്നാലെ ഹോർമുസ് കടലിടുക്ക് അടച്ചതാണ് പ്രതിസന്ധിക്ക് കാരണം. എന്നാൽ അതിനേക്കാൾ ഉപരിയായി, യുദ്ധസാഹചര്യത്തിൽ കപ്പലുകൾക്ക് ഇൻഷുറൻസ് നൽകുന്നത് കമ്പനികൾ നിർത്തലാക്കിയതാണ് പ്രതിസന്ധി ഇത്രമേൽ രൂക്ഷമാക്കിയതെന്ന് എൽ.പി.ജി വിതരണ അസോസിയേഷൻ വ്യക്തമാക്കുന്നു. 2025 ഏപ്രിലിന് ശേഷം ആദ്യമായി 14.2 കിലോ ഗാർഹിക സിലിണ്ടറുകളുടെ വിലയിൽ 60 രൂപ കഴിഞ്ഞ ദിവസം വർധിച്ചു. ഇതിന് പിന്നാലെ 19 കിലോ വാണിജ്യ സിലിണ്ടറുകൾക്ക് 144 രൂപയും കൂട്ടി. 2026 മാർച്ചിലെ ആദ്യ വാരത്തിൽ തന്നെ ഇത് രണ്ടാം തവണയാണ് വാണിജ്യ സിലിണ്ടറുകളുടെ വില വർധിക്കുന്നത്.

ലോകത്തെ പ്രധാന ക്രൂഡ് ഓയിൽ കയറ്റുമതി മേഖലയായ മിഡിൽ ഈസ്റ്റിലെ സംഘർഷം പശ്ചിമേഷ്യയുടെ ഭാവി തന്നെ അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ്. ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങൾ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളെ സാരമായി ബാധിക്കും. ക്രൂഡ് ഓയിലിനും എൽ.എൻ.ജി ഇറക്കുമതിക്കും ഇന്ത്യ പ്രധാനമായും ആശ്രയിക്കുന്നത് വിദേശ രാജ്യങ്ങളെയാണ്. ഇന്ത്യയുടെ കയറ്റുമതിയുടെ 14.0 ശതമാനവും ഇറക്കുമതിയുടെ 20.9 ശതമാനവും പശ്ചിമേഷ്യൻ രാജ്യങ്ങളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതിനാൽ നിലവിലെ സംഘർഷം ഇന്ത്യയുടെ വ്യാപാരത്തെ സാരമായി ബാധിക്കും. യുഎസ്-ഇസ്രായേൽ-ഇറാൻ സംഘർഷം ഹോർമുസ് കടലിടുക്ക് പോലുള്ള പ്രധാന കപ്പൽ പാതകളെ തടസ്സപ്പെടുത്തുന്നത് പശ്ചിമേഷ്യൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാരത്തിന് വലിയ ഭീഷണിയാണ്.




Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ചിക്കാഗോ മലയാളി അസോസിയേഷൻ ന്യൂസ് മീഡിയ സെമിനാർ വൻ വിജയം



ബിജു മുണ്ടക്കൽ

ചിക്കാഗോ: ചിക്കാഗോ മലയാളീ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ന്യൂസ് മീഡിയ സെമിനാർ വൻ വിജയമായി .2026 മാർച്ച് മാസം 10 ചൊവ്വാഴ്ച വൈകിട്ട് 8 ന് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട സെമിനാറിൽ പങ്കെടുക്കാൻ നൂറുകണക്കിന് ആളുകളാണ് ഒഴുകിയെത്തിയത് .

ചിക്കാഗോ മലയാളി അസോസിയേഷൻ സെക്രട്ടറി ബിജു മുണ്ടക്കൽ സ്വാഗത പ്രസംഗം നടത്തി. പ്രമുഖ മാധ്യമ പ്രവർത്തകനും മറുനാടൻ മലയാളി ചീഫ് എഡിറ്ററും ആയ ശ്രീ ഷാജൻ സ്കറിയ,'സാമൂഹ്യ മാധ്യമങ്ങളുടെ നേട്ടങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി .

ചിക്കാഗോയിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെയുള്ള മലയാളി സമൂഹം പങ്കെടുത്ത പ്രസ്തുത മാധ്യമ സെമിനാറിൽ, തന്റെ ദീർഘമായ മാധ്യമ പ്രവർത്തന യാത്രയെക്കുറിച്ച് ശ്രീ ഷാജൻ സ്കറിയ വിശദമായി സംസാരിച്ചു. ഇടതുപക്ഷ ആഭിമുഖ്യം മുൻപ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ താൻ ഗാന്ധിയൻ ആശയങ്ങളെയാണ് പിന്തുടരുന്നതെന്ന് അദ്ദേഹം പറഞ്ഞു .

ഒരു മണിക്കൂറോളം നീണ്ട തന്റെ ദീർഘമായ പ്രഭാഷണത്തിൽ ഉടനീളം സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തിക്കൊണ്ട് താൻ മാധ്യമരംഗത്ത് എങ്ങനെയാണ് വളർന്നത് എന്ന് അദ്ദേഹം വ്യെക്തമാക്കി. പ്രഭാഷണത്തിന് ശേഷം സദസ്സിന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നൽകി .

തുടർന്ന് അദ്ദേഹത്തിന്റെ നിർഭയമായ പത്രപ്രവർത്തനത്തിന്റെ പേരിൽ ചിക്കാഗോ മലയാളി അസോസിയേഷൻ ഫലകം



നൽകി അദ്ദേഹത്തെ ആദരിച്ചു. ശ്രീ ഫ്രാൻസിസ് കിഴക്കേക്കുറ്റ് അദ്ദേഹത്തെ പൊന്നാട അണിയിച്ചു .

ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രെഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ശ്രീ ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ജോസഫ് പിണർക്കയിൽ, തോമസ് ഐക്കരപ്പറമ്പിൽ, ആന്റണി വേളൂർ എന്നിവർ വേദിയിൽ ഉപവിഷ്ടരായിരുന്നു. ചിക്കാഗോയിലെ സാമൂഹ്യ സാംസ്കാരിക, സാമുദായിക സംഘടനാ നേതാക്കൾ, ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ നേതാക്കൾ, ഫൊക്കാന നേതാക്കന്മാർ, ഫോമയുടെ റീജിയണൽ



നേതാക്കന്മാർ ഉൾപ്പെടെ നൂറു കണക്കിന് ആളുകൾ പങ്കെടുത്ത യോഗം വൻ വിജയമായി .ഇത്ര വലിയ ജനക്കൂട്ടം തന്നെ അത്ഭുതപ്പെടുത്തിയെന്ന് ശ്രീ ഷാജൻ സ്കറിയ പറഞ്ഞു .

ജോസ് മണക്കാട് ചർച്ചകൾക്ക് നേതൃത്വം നൽകി. ശ്രീ അച്ചൻകുഞ്ഞ് മാത്യു പങ്കെടുത്തവർക്കും പരിപാടിയുടെ സ്പോൺസർമാർക്കും കൃതജ്ഞത അർപ്പിച്ചു .




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# കർശന ടേം വ്യവസ്ഥയിൽ ചിറ്റയം ഗോപകുമാറിന് സീറ്റില്ല; അടൂരിൽ യുവമുഖം പ്രിജി കണ്ണൻ




എ.എസ് ശ്രീകുമാർ

ടേം വ്യവസ്ഥ ഇക്കുറി കടുപ്പിച്ചിരിക്കുകയാണ് സി.പി.എം. വല്യേട്ടൻ പാർട്ടിയായ സി.പി.എമ്മിനേക്കാൾ ഇക്കാര്യത്തിൽ അവർ മാതൃക കാട്ടുന്നു. അടൂരിന്റെ സിറ്റിംഗ് എം.എൽ.എയായ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന് പാർട്ടി ഇളവ് നൽകുമെന്ന പ്രതീക്ഷയിലായിരുന്നു സി.പി.ഐ പത്തനംതിട്ട ജില്ലാ നേതൃത്വം. എന്നാൽ തുടർച്ചയായി മൂന്ന് തവണ വിജയിച്ചവർ മാറിനിൽക്കണമെന്ന പാർട്ടി തീരുമാനം കർശനമാക്കിയതോടെ ചിറ്റയം സ്ഥാനാർത്ഥി പട്ടികയിൽ നിന്നും പുറത്താകുകയായിരുന്നു. ചിറ്റയത്തിന് പകരം കൊല്ലം മുൻ ജില്ലാ പഞ്ചായത്ത് അംഗവും യുവതയുടെ മുഖവുമായ പ്രിജി കണ്ണൻ ആണ് പാർട്ടി സ്ഥാനാർത്ഥി. പ്രിജി ആവേശത്തോടെ ചുവരെഴുത്ത് തുടങ്ങിയിട്ടുണ്ട്. അടൂർ നഗരസഭാ ഒന്നാം വാർഡിൽ പ്രിജി കണ്ണനായി ചുവരെഴുത്ത് ആരംഭിച്ചാണ് അടൂർ അസംബ്ലി മണ്ഡലം എൽ.ഡി.എഫ് തിരഞ്ഞെടുപ്പ് പ്രവർത്തനത്തിന് തുടക്കമിട്ടിരിക്കുന്നത്.

സി.പി.ഐ പത്തനംതിട്ട ജില്ലാ സെക്രട്ടറിയായ ചിറ്റയം ഗോപകുമാർ എ.ഐ.എസ്.എഫ് സംസ്ഥാന കമ്മിറ്റിയംഗം, എ.ഐ.ടി.യു.സി. കൊല്ലം ജില്ലാ സെക്രട്ടറി, കർഷക തൊഴിലാളി യൂണിയൻ, കൊല്ലം ജില്ലാ സെക്രട്ടറി തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1995-ൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ മത്സരിച്ച ചിറ്റയം ആദ്യ അവസരത്തിൽ തന്നെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായാണ് പാർലമെന്ററി രംഗത്തേക്ക് വരുന്നത്. സംവരണ മണ്ഡലമായ അടൂരിൽ 2011-ൽ ആദ്യ അങ്കത്തിനിറങ്ങിയ ചിറ്റയം കോൺഗ്രസിലെ പന്തളം സുധാരനെ തോൽപ്പിച്ചാണ് എം.എൽ.എ ആകുന്നത്. തുടർന്ന് 2016-ൽ കെ.കെ ഷാജുവിനെ വൻഭൂരിപക്ഷത്തിൽ തോൽപിച്ച് വീണ്ടും അടൂരിൽ ഇടത് കോട്ട ഉറപ്പിച്ചു. കഴിഞ്ഞ തവണ വാശിയേ മത്സരം നടന്ന അടൂരിൽ 2819 വോട്ടിനാണ് ചിറ്റയം എതിർ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തിയത്.

അതേസമയം, 2020-2025 കാലഘട്ടത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ കൊല്ലം ജില്ലാ പഞ്ചായത്ത് നെടുമ്പന ഡിവിഷനിൽ നിന്നും 10848 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് പ്രിജി വിജയിച്ചത്. ജില്ലാ പഞ്ചായത്ത് അംഗമെന്ന നിലയിൽ പള്ളിക്കൽ ഡിവിഷനിൽ നടത്തിയ വികസന പ്രവർത്തനങ്ങളും ജനങ്ങളുമായുള്ള അടുത്ത ബന്ധവുമാണ് അവർക്ക് നിയമസഭാ സീറ്റിലേക്കുള്ള വഴി തുറന്നത്. രാഷ്ട്രീയ പ്രവർത്തനത്തിന് പുറമെ സാംസ്കാരിക-സാമൂഹിക രംഗങ്ങളിലും പ്രിജി സജീവമാണ്. കേരള സർവകലാശാല സെനറ്റ് അംഗമായിരുന്നു. എ.ഐ.എസ്.എഫ് മുൻ




സംസ്ഥാന വൈസ് പ്രസിഡന്റ്, എ.ഐ.വൈ.എഫ് കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് അംഗം, സി.പി.ഐ നെടുവത്തൂർ മണ്ഡലം കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

കരീപ്ര എൻ നാരായണൻ ഉണ്ണി ഗ്രന്ഥശാല എക്സിക്യൂട്ടീവ് അംഗവുമാണ്. കൊല്ലം എസ്.എൻ വനിതാ കോളജിൽ നിന്നും ബിരുദവും കൊല്ലം എസ്.എൻ കോളജിൽ നിന്ന് ബിരുദാനന്തര ബിരുദവും പത്തനാപുരം മൗണ്ട് താബൂർ ട്രെയിനിങ് കോളജിൽ നിന്നും ബി.എഡും കരസ്ഥമാക്കിയിട്ടുണ്ട്. കരീപ്ര അരുവാറ്റൂർ തെക്കേവിള വീട്ടിൽ പരേതനായ ജി ശശിധരന്റെയും അനിതയുടെയും ഇളയ മകളാണ്. എ.ഐ.വൈ.എഫ് സംസ്ഥാന കമ്മിറ്റി അംഗം യു കണ്ണനാണ് ഭർത്താവ്.

നിയമസഭാ തെരഞ്ഞെടുപ്പിൽ ടേം വ്യവസ്ഥ കർശനമായി നടപ്പാക്കാൻ ചിറ്റയം ഗോപകുമാർ ഉൾപ്പെടെ ആറ് എം.എൽ.എമാരാണ് മത്സരരംഗത്തു നിന്ന് മാറുന്നത്. ഇ ചന്ദ്രശേഖരൻ, ഇ.കെ വിജയൻ, ഇ.എസ് ജയലാൽ, പി.എസ് സുപാൽ, വി ശശി എന്നിവർക്കാണ് ഇത്തവണ അവസരം നഷ്ടപ്പെടുക. എന്നാൽ പിണറായി സർക്കാരിലെ നാല് സി.പി.ഐ മന്ത്രിമാരും അതാത് മണ്ഡലങ്ങളിൽ തന്നെ വീണ്ടും മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചിട്ടുണ്ട്. കെ രാജൻ (റവന്യൂ മന്ത്രി), ഒല്ലൂർ. പി പ്രസാദ് (കൃഷി മന്ത്രി), ചേർത്തല. ജി.ആർ അനിൽ (ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി), നെടുമങ്ങാട്. ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീര വികസന മന്ത്രി), ചടയമംഗലം എന്നിവർ വീണ്ടും ജനവിധി നേടും.

പട്ടാമ്പിയിൽ മൂന്നാമൂഴത്തിന് മുഹമ്മദ് മുഹ്സിൻ തന്നെ കളത്തിലിറങ്ങും. തൃശ്ശൂരിൽ ആലങ്കോട് ലീലാകൃഷ്ണനനാണ് സ്ഥാനാർത്ഥി. നിലവിലെ എം.എൽ.എ പി ബാലചന്ദ്രന് ഇത്തവണ സീറ്റില്ല. വൈക്കത്ത് രണ്ട് ടേം പൂർത്തിയാക്കിയ സി.കെ ആശയ്ക്ക് സീറ്റില്ല. പകരം ബി പ്രദീപാണ് മത്സരിക്കുക.കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഗോവിന്ദൻ പള്ളിക്കാപ്പിൽ ആണ് സ്ഥാനാർത്ഥി, തിരൂരങ്ങാടി- അജിത് കൊളാടി, മഞ്ചേരിയിൽ പി കെ മുസ്തഫ, ഏറനാട്- ഷഫീർ കിഴിശേരി, മണ്ണാർക്കാട് - ബക്കർ, പട്ടാമ്പി- മുഹമ്മദ് മുഹ്സിൻ, തൃശൂർ- ആലങ്കോട് ലീലാകൃഷ്ണൻ, നാട്ടിക- ഗീത ഗോപി, കൈപ്പമംഗലം- കെ. കെ വത്സരാജ്, കൊടുങ്ങല്ലൂർ-വി.ആർ സുനിൽ കുമാർ, പറവൂർ- ഇ.ടി ടൈസൺ മാസ്റ്റർ, മൂവാറ്റുപുഴ- എൻ അരുൺ, ഹരിപ്പാട്- ടി.ടി ജിസ്മോൻ, വൈക്കം- പ്രദീപ്, അടൂർ- പ്രിജി കണ്ണൻ, പുനലൂർ-അജയപ്രസാദ്, കരുനാഗപള്ളി- എം.എസ് താര, ചാത്തന്നൂർ- ആർ രാജേന്ദ്രൻ, ചിറയിൻകീഴ്- മനോജ് ബി. ഇടമ, നാദാപുരം-പി വസന്തം എന്നിങ്ങനെയാണ് സ്ഥാനാർത്ഥികൾ. പ്രഖ്യാപനം പിന്നീടുണ്ടാവും.

ഇതിനിടെ, തൃശൂർ നാട്ടിക മണ്ഡലത്തിൽ മുൻ എം.എൽ.എ ഗീത ഗോപിക്ക് സീറ്റു നൽകുന്നതിനെതിരെ നിലവിലെ എം.എൽ.എ സി.സി മുകുന്ദൻ രംഗത്തുവന്നു. ഗീത ഗോപിയ്ക്ക് പണം പിരിച്ചു നൽകാൻ കഴിവുണ്ടെന്നും മോശം പ്രകടനം നടത്തിയ അവരെ സ്ഥാനാർഥിയാക്കുന്നത് ശരിയല്ലെന്നും സി.സി മുകുന്ദൻ മാധ്യമങ്ങളോട് പറഞ്ഞു. സി.സി മുകുന്ദനെ മാറ്റി ഗീതാഗോപിയെ മത്സരിപ്പിക്കാൻ സി.പി.ഐ തീരുമാനിച്ചതോടെയാണ് വിമർശനം. നാട്ടികയിൽ സ്വതന്ത്രനായി മത്സരിക്കുമെന്നും മുകുന്ദൻ പ്രഖ്യാപിച്ചു. കോൺഗ്രസ് നേതാക്കൾ മുകുന്ദനെക്കണ്ട് പിന്തുണ അറിയിച്ചു.

പാർട്ടിയിൽ വിഭാഗീയതയുണ്ട്. സി.പി.ഐയിലെ വിഭാഗീയത കാരണം ഒഴിവാക്കപ്പെടുകയാണെന്നും അദ്ദേഹം വിമർശിച്ചു. തന്നെ ഒഴിവാക്കുന്നതിനെ കുറിച്ച് പാർട്ടി ഒന്നും പറഞ്ഞിട്ടില്ല. രണ്ട് ടേം എല്ലാ എം.എൽ.എമാർക്കും നൽകിയെന്നും തന്നെ മാത്രം ഒഴിവാക്കിയെന്നും മുകുന്ദൻ പറഞ്ഞു. പെയ്മെന്റ് സീറ്റ് എന്ന മുകുന്ദന്റെ ആക്ഷേപം പാർട്ടി തള്ളി. മുകുന്ദന്റെ ആക്ഷേപങ്ങൾക്ക് മറുപടി പറയാതെ ഗീതാഗോപി ഒഴിഞ്ഞു മാറുകയും ചെയ്തു.

പാർട്ടി ഏൽപ്പിച്ച ചുമതല നിർവ്വഹിക്കലാണ് ഇപ്പോൾ ലക്ഷ്യമെന്നും മറ്റൊന്നും തനിക്കറിയില്ലെന്നുമാണ് ഗീത ഗോപി പ്രതികരിച്ചത്.



# Save $ 894.*
# Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# റെനി പൗലോസിന് ഇന്ത്യൻ കോൺസുലേറ്റിന്റെ അവാർഡ്

പന്തളം ബിജു

സാൻ ഫ്രാൻസിസ്കോ: ഫോമാ വെസ്റ്റേൺ റീജിയൻ ചെയർ ശ്രീമതി: റെനി പൗലോസിനെ ഇന്ത്യൻ കോൺസുലേറ്റും അസ്സോസിയേഷൻസ് ഓഫ് ഇൻഡോ അമേരിക്കൻസും (AIA) നാരി (NAARI) അവാർഡ് നൽകി ആദരിച്ചു. അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് നടത്തിയ ചടങ്ങിൽ വെച്ചാണ് അവാർഡ് പ്രഖ്യാപിച്ചത്. പ്രസ്തുത ചടങ്ങിൽ സാൻ ഫ്രാൻസിസ്കോ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോക്ടർ കെ. ശ്രീകർ റെഡ്ഡി മുഖ്യാതിഥി ആയിരുന്നു. സമൂഹത്തിൽ വനിതകളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന വനിതാ നേതാക്കൾക്ക് നല്കുന്നതാണ് ഈ അവാർഡ്.




ഒരു സ്ത്രീയുടെ ജീവിത വിജയം എന്ന് പറയുന്നത്, അവളുടെ ആത്മവിശ്വാസവും, ആത്മധര്യവും, വിദ്യാഭ്യാസവുമാണ്. അമേരിക്കയിലുള്ള ഇന്ത്യൻ സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മനസിലാക്കി അവരുടെ മാനസികമായ ശാക്തീകരണത്തിന് വേണ്ടി പ്രവർത്തിക്കുന്നതിൽ റെനി അഭിമാനം കൊള്ളുന്നുവെന്ന് പറഞ്ഞു.

ഫോമാ എക്സിക്യൂട്ടീവിലെ ആദ്യത്തെ വനിതാ ജോയിന്റ് സെക്രെട്ടറി എന്ന പദവി റെനി പൗലോസിന് സ്വന്തമാണ്. മങ്കയിൽ പ്രവർത്തിക്കുന്ന സമയത്ത് വനിതകൾക്ക് വേണ്ടി വിമൻസ് ഗ്രൂപ്പ് രൂപീകരിക്കുകയും, സീനിയർ സിറ്റിസൻസ്ന് വേണ്ടി പയനിയർ നൈറ്റ് എന്ന റീയൂണിയൻ പരിപാടി സംഘടപ്പിച്ച് ഏവരെയും ഒരുകുടക്കീഴിൽ അണിനിരത്തി.

മലയാളി അസോസിയേഷൻ ഓഫ് നോർതേൺ കാലിഫോർണിയ (മങ്ക) യുടെ മുൻപ്രസിഡന്റും ഫോമാ എക്സിക്യൂട്ടീവിൽ ജോയിന്റ്

സെക്രെട്ടറിയും ആയിരുന്ന റെനി, ഇരുപത്തേഴ് വർഷങ്ങളായി കാലിഫോർണിയയിലെ ബേ-ഏരിയയിൽ കുടുംബസമേതം താമസിക്കുന്നു. ഭർത്താവ് ജോബി പൗലോസ്, മക്കൾ അനിഷ, ഐസിസ്.

സ്നേഹം കൊണ്ടും സത്യസന്ധത കൊണ്ടും പക്വത കൊണ്ടും ഉത്തരവാദിത്വം കൊണ്ടും ഏവരുടെയും ശ്രദ്ധയും ബഹുമാനവും നേടുന്ന വ്യക്തിത്വത്തിനുടമയായ റെനിയെ പരിചയപ്പെടുന്നവർ ആരും പിന്നീടൊരിക്കലും മറക്കില്ല. അമേരിക്കയിലുള്ള 58 ലധികം ഇന്ത്യൻ അസോസിയേഷനുകളുടെ കൂട്ടായ്മയാണ് അകഅ. വിജയ അസൂരി, ഡോക്ടർ രമേശ് കോണ്ട, സാജൻ മൂലേപ്ലാക്കൽ തുടങ്ങിയ അകഅ നേതാക്കൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.








Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# കാൻ വിമൻസ് ഫോറം അന്താരാഷ്ട്രവനിതാദിനം സമുചിതമായി ആഘോഷിച്ചു




അന്താരാഷ്ട്രവനിതാദിനം കേരള അസോസ്സിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ) വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ സമുചിതമായി ആഘോഷിച്ചു. ഔപചാരിക പരിപാടി ആരംഭിക്കുന്നതിന് മുമ്പ്, പങ്കെടുക്കുന്നവർക്ക് പരസ്പരം പരിചയപ്പെടാനും കമ്മ്യൂണിറ്റി ബന്ധങ്ങൾ ശക്തിപ്പെടുത്താനും അവസരം നൽകുന്ന ഒരു ഊഷ്മളമായ കൂടിച്ചേരൽ സെഷനോടെയാണ് പരിപാടി ആരംഭിച്ചത്.

സംവേദനാത്മക കളികൾ (interactive games), വിവിധതരം മത്സരങ്ങൾ എന്നിവ കൊണ്ട് വിമൻസ് ഡേ ആകർഷകമായിത്തീർന്നു. പഴ്സ് സ്കാവഞ്ചർ ഹണ്ട് (Purse Scavenger Hunt), മലയാളം മൂവി ഡംബ് ഷരേഡ്സ് (Malayalam Movie Dumb charades), സാരി ഡ്രേപ്പിങ്ങ് മത്സരം (Saree Draping Competition) എന്നിവ പങ്കെടുത്തവരുടെ പ്രശംസ പിടിച്ചുപറ്റി.

ആഘോഷത്തിന് കാൻ വിമൻസ് ഫോറം ചെയർ പ്രസീദ രാജു, അംഗങ്ങളായ സൂര്യ സിബി, ഷംന കുന്നുമ്മൽ, ധന്യ സതീഷ്, മഞ്ജു തോപ്പിൽ, വിദ്യ സുരേഷ് എന്നിവർ നേതൃത്വം നല്കി. കാൻ



വൈസ് പ്രസിഡന്റ് ഡോ. സുശീല സോമരാജൻ, ട്രഷറർ സുമ ശിവപ്രസാദ്, കൾച്ചറൽ കമ്മിറ്റി ചെയർ ശ്രീഷ അനീഷ്, സഹ-ചെയർ ആശ പത്യാരി, യൂത്ത് ഫോറം സഹ-ചെയർ നിഷ പ്രഭാകരൻ എന്നിവർ പങ്കെടുത്തു.

സ്പോൺസർമാരായ നീത മാളിയക്കലും ഡോ. ഷൈഫാലി ഗ്രോവറും സായാഹ്നത്തെ മനോഹരമാക്കി. ഇരുവരും പ്രചോദനാത്മകമായ വാക്കുകളാൽ ഒത്തുചേരലിനെ അഭിസംബോധന ചെയ്യുകയും ആഘോഷങ്ങളിലുടനീളം സജീവ പങ്കാളികളായി തുടരുകയും ചെയ്തു.





പരമ്പരാഗത രുചികളില്ലാതെ ഒരു ആഘോഷവും പൂർണ്ണമാകില്ല. പരിപാടിയുടെ മധ്യത്തിലെ ഇടവേളയിൽ, അതിഥികൾ ''ഗ്രേറ്റ് ഇന്ത്യൻ ഫുഡ്'' (GIF) സ്പോൺസർ ചെയ്ത കേരളത്തിന്റെ ആധികാരിക ലഘുഭക്ഷണങ്ങൾ ആസ്വദിച്ചു,

ആഘോഷങ്ങൾ അവസാനിച്ചപ്പോൾ, 2026 ലെ വനിതാ ദിനാഘോഷത്തെ ഒരു മികച്ച വിജയമായി അടയാളപ്പെടുത്തുന്ന, കൂടുതൽ സമൂഹ കേന്ദ്രീകൃത പരിപാടികൾ നടത്താനുള്ള ആഗ്രഹവും താത്പര്യവും ആയിരുന്നു എല്ലാവർക്കും.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# എല്ലാം പറഞ്ഞ് കോംപ്രമൈസാക്കി; പക്ഷേ പത്തനാപുരത്ത് ഗണേഷ് കുമാറിന്റെ അവിഹിതം യു.ഡി.എഫ് ആയുധമാക്കും




എ.എസ് ശ്രീകുമാർ

ഒരു വ്യക്തിയുടെ അവിഹിതമോ വിഹിതമോ അയാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാണ്. എന്നാൽ ആരോപിക്കപ്പെട്ടയാൾ കേരളത്തിന്റെ മന്ത്രിയായതുകൊണ്ട് എരിവും പുളിയും കൂടും എന്ന് മാത്രമല്ല അങ്ങാടിയിലത് പാട്ടല്ല, വലിയ റിയാലിറ്റി ഷോ തന്നെയാവുകയും ചെയ്യും. കൊട്ടാരക്കര വാളകത്തെ കുടുംബ വീട്ടിലെ കിടപ്പു മുറിയിൽ വച്ച് കഴിഞ്ഞ ശനിയാഴ്ച മറ്റൊരു സ്ത്രീയുമായുള്ള മന്ത്രി കെ.ബി ഗണേഷ്കുമാറിന്റെ അവിഹിത വേഴ്ച 'തൊണ്ടി' സഹിതം ഭാര്യ ബിന്ദു മേനോൻ പിടികൂടി മാധ്യമങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചപ്പോൾ അത് അദ്ദേഹത്തിന്റെ മന്ത്രി സ്ഥാനം തെറിക്കുമെന്ന ഘട്ടത്തിലെത്തുകയായിരുന്നു. എന്നാൽ ഇന്ന് രാവിലെ ഹസ്ബെന്റ് തന്നെ വിളിച്ച് ''സോറി...'' പറഞ്ഞതോടെ എല്ലാം കോംപ്രമൈസായി എന്ന് ബിന്ദു വ്യക്തമാക്കിയതോടെ ഗണേഷിന് സമാധാനമായി.

നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തു വരുന്ന സാഹചര്യത്തിൽ ഇടതു മുന്നണിക്ക് വലിയ നാണക്കേടാണുണ്ടാക്കിയ സംഭവമായിരുന്നു ഗണേഷ് കുമാറിനെതിരെ ഭാര്യ നടത്തിയ അതിശക്തമായ ആരോപണങ്ങൾ. ഗണേഷ് കുമാറിനെ കയ്യോടെ പിടികൂടിയതായും, മന്ത്രിയുടെ സഹായികൾ തന്നെ കൈയേറ്റം ചെയ്തതായും, താൻ വിളിച്ചതിന് ശേഷം പോലീസ് വീട്ടിൽ എത്തുന്നത് തടഞ്ഞതായുമാണ് ബിന്ദു മേനോൻ ആരോപിച്ചത്. മന്ത്രിയെ കാണാൻ പാടില്ലാത്ത സാഹചര്യത്തിൽ കണ്ടുവെന്നും ചിത്രം പകർത്താൻ ശ്രമിച്ചതോടെ തന്നെ മന്ത്രിയുടെ സഹായികൾ തടഞ്ഞുവെന്നുമായിരുന്നു ബിന്ദു മേനോന്റെ ആരോപണം. 2014-ൽ വിവാഹം നടന്നത് മുതൽ തങ്ങളുടെ ദാമ്പത്യ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്ന് ബിന്ദു മേനോൻ മാധ്യമങ്ങളോട് വെളിപ്പെടുത്തിയിരുന്നു.

''മന്ത്രിയുടെ ഒരു കോൾ കാത്തിരുന്നു. തെറ്റ് ചെയ്താൽ സോറി പറയണമല്ലോ. എന്നാൽ അത് പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് താൻ 112-ൽ

**നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തു വരുന്ന സാഹചര്യത്തിൽ ഇടതു മുന്നണിക്ക് വലിയ നാണക്കേടാണുണ്ടാക്കിയ സംഭവമായിരുന്നു ഗണേഷ് കുമാറിനെതിരെ ഭാര്യ നടത്തിയ അതിശക്തമായ ആരോപണങ്ങൾ. ഗണേഷ് കുമാറിനെ കയ്യോടെ പിടികൂടിയതായും, മന്ത്രിയുടെ സഹായികൾ തന്നെ കൈയേറ്റം ചെയ്തതായും, താൻ വിളിച്ചതിന് ശേഷം പോലീസ് വീട്ടിൽ എത്തുന്നത് തടഞ്ഞതായുമാണ് ബിന്ദു മേനോൻ ആരോപിച്ചത്.**

വിളിച്ചത് വട്ടുള്ളതുകൊണ്ടാണെന്ന് മന്ത്രി പറഞ്ഞത്. അതിനാലാണ് വൈകാരികമായി പ്രതികരിച്ചത്. ഇന്നലെ രാത്രിയോടെ മന്ത്രി വിളിച്ചു. ഞാൻ ഫോൺ എടുക്കാത്തതിനാൽ ഹസ്ബെന്റ് എന്റെ സിസ്റ്ററോട് സംസാരിച്ചു. തെറ്റുപറ്റിപ്പോയെന്ന് വളരെ വൈകാരികമായിട്ടാണ് പറഞ്ഞത്. നമുക്ക് തീർക്കാവുന്ന പ്രശ്നമേ ഉള്ളൂവെന്നും സംഭവിച്ചതിൽ ക്ഷമ ചോദിക്കുന്നുവെന്നും മന്ത്രി പറഞ്ഞു...'' എന്നാണ്, വിഷയത്തിൽ ഗണേഷ്കുമാർ മന്ത്രി സ്ഥാനം രാജിവയ്ക്കാൻ പോകുന്നുവെന്ന ആഭൂഹങ്ങൾ പരക്കുന്നതിനിടെ ബിന്ദു മേനോൻ വ്യക്തമാക്കിയത്. പരസ്യമായി മന്ത്രി ക്ഷമ പറയേണ്ടതില്ലല്ലോ. ഒരുമിച്ച് ജീവിക്കുന്നയാൾ താനല്ലേയെന്നും അവർ ചോദിച്ചു. ഒരു പ്രശ്നും ഇല്ലാതെ ഫോൺ കോളിന് കാത്തിരുന്നത് ഹസ്ബന്റിനെ ഇഷ്ടമായതുകൊണ്ടാണെന്നും ബിന്ദു മേനോൻ കൂട്ടിച്ചേർത്തു.

മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിയാലോചിച്ചതിന് ശേഷമാണ് മന്ത്രി സ്ഥാനംരാജിവെക്കേണ്ടതില്ലെന്നനിലപാടിലേക്ക് ഗണേഷ്കുമാർ എത്തിയത്. വിഷയം ഗണേഷ് കുമാർ മുഖ്യമന്ത്രിക്ക് മുന്നിൽ വിശദീകരിച്ചുവെന്നാണ് വിവരം. മന്ത്രിസഭാ യോഗത്തിന് ശേഷമായിരുന്നു ഇരുവരുടെയും കൂടിക്കാഴ്ച. വിഷയം രാഷ്ട്രീയമല്ല, കുടുംബപ്രശ്നമാണെന്നും ഭാര്യക്ക് പരാതിയില്ലെന്നും ഗണേഷ് കുമാർ മുഖ്യമന്ത്രിയെ ധരിപ്പിച്ചു. അതേസമയം, മന്ത്രിക്കെതിരെ കോൺഗ്രസും യു.ഡി.എഫും പ്രതിഷേധം കടുപ്പിച്ചിരിക്കയാണ്. പത്തനാപുരത്ത് മഹിളാ കോൺഗ്രസ് പ്രവർത്തകർ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. പത്തനാപുരത്തെ മന്ത്രിയുടെ ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ ഒ.ജെ ജനീഷിന്റെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു.

തിരഞ്ഞടുപ്പ് പ്രചാരണത്തിന് മണ്ഡലത്തിൽ ഇറങ്ങാൻ സമയമായിരിക്കെ വെള്ളാപ്പള്ളി നടേശൻ ഗണേഷിനെ വലിച്ചുകീറി ഭിത്തിയിൽ ഒട്ടിച്ചിരിക്കുകയാണ്. ''ഇത്തരം പ്രവർത്തികൾ ഭാരതീയ സംസ്കാരത്തിന് ഉചിതമല്ല. പ്രത്യേകിച്ച് രാഹുൽ മാങ്കൂട്ടത്തിനെതിരെയടക്കം ഉയർന്ന ആരോപണങ്ങൾ ലൈവായി ഇവിടെ നിൽക്കുമ്പോൾ. സർക്കാരിന്റെ ഇമേജ് നഷ്ടപ്പെട്ട സംഭവമാണ് ഉണ്ടായത്. പല ഭാര്യമാരായി. അവസാനം വന്ന ഭാര്യയോടും നീതി കാണിച്ചില്ല. പെണ്ണിനോടും പൊന്നിനോടും കെ .ബി ഗണേഷ് കുമാറിന് ഏറെയിഷ്ടം. മാന്യമായി പൊതുപ്രവർത്തനം നടത്തുന്നതിന് പകരം വഷളായ ഒരു മന്ത്രിയാണ് കെ.ബി ഗണേഷ് കുമാർ. ഇത്രതറ മന്ത്രി വേറെ കാണില്ല. ഭാര്യ പരാതി പിൻവലിച്ചതുകൊണ്ട് കാര്യമില്ല. മാന്യതയും മര്യാദയും വേണം. മന്ത്രിസഭയ്ക്ക് പുഴുക്കുത്താണിത്...'' എന്നായിരുന്നു വെള്ളാപ്പള്ളിയുടെ രൂക്ഷ വിമർശനം.

''പ്രണയമില്ലാത്തവൻ പൊട്ടനാണ്. എനിക്ക് ഒന്നല്ല അയ്യായിരം പ്രണയങ്ങളുണ്ടാവും. ഇത് വ്യക്തിപരമായ കാര്യമാണ്. അതിൽ ഇടപെടേണ്ട...'' എന്നായിരുന്നു ഗണേഷ്കുമാർ ഇന്നലെ പറഞ്ഞത്. അതേസമയം, മന്ത്രിയുടെ കൂടെ കൊട്ടരക്കരയിലെ വീട്ടിൽ ഉണ്ടായിരുന്ന സ്ത്രീ ആരാണെന്ന് ചാറ്റ് ജി.പറ്റിയോട് വരെ ജനം ചോദിച്ചുവെന്നാണ് പറയപ്പെടുന്നത്. പെണ്ണ് വിഷയം നാറ്റക്കേസാവുമ്പോൾ ഇതൊക്കെ സ്വാഭാവികം. കേരളത്തിലെ ഒരു പ്രബല സമുദായത്തിന്റെ നേതാവായ വ്യക്തിയുടെ മകളാണിതെന്നാണ് വിവരം. ഈ



അവിഹിതത്തിന്റെ തുടർ ചലനങ്ങൾ ആ സമുദായത്തിന് തലവേദനയാവും. മാത്രമല്ല ഗണേഷിന്റെ പത്താപുരം മണ്ഡലത്തിൽ വിഷയം കത്തിക്കയറുമെന്നതിൽ സംശയമില്ല. മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കെ മുരളീധരനും കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫും രംഗത്തുവന്നതിന് പിന്നിൽ തിരഞ്ഞെടുപ്പ് ലക്ഷ്യങ്ങളുണ്ട്. ഗണേഷിന്റെ പത്താപുരത്തെ വീട്ടിലേയ്ക്ക് ബി.ജെ.പിയും പ്രതിഷേധ പ്രകടനം നടത്തുകയുണ്ടായി,.

2001-ലെ നിയമസഭ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയായി പത്തനാപുരത്ത് നിന്ന് നിയമസഭാംഗമായതോടെയാണ് നടനായ ഗണേഷിന്റെ രാഷ്ട്രീയ ജീവിതമാരംഭിക്കുന്നത്. പിന്നീട് നടന്ന എല്ലാ നിയമസഭ തിരഞ്ഞെടുപ്പുകളിലും (2006, 2011, 2016, 2021) പത്തനാപുരത്ത് നിന്ന് തുടർച്ചയായി ജയിച്ച് നിയമസഭാംഗമായി തുടരുന്ന ഗണേഷ് കുമാർ രണ്ട് തവണ സംസ്ഥാന കാബിനറ്റ് വകുപ്പ് മന്ത്രിയായിരുന്നു. തുടർച്ചയായി അഞ്ച് തവണ നിയമസഭാംഗമായ ഗണേഷ് കുമാർ രണ്ടാം പിണറായി മന്ത്രിസഭ പുനസംഘടനയുടെ ഭാഗമായി 2023 ഡിസംബർ 29-നാണ് സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയായി സ്ഥാനമേറ്റത്. എ.കെ ആന്റണി മന്ത്രിസഭയിലെ തിളക്കമാർന്ന നേട്ടം കൈവരിച്ച മന്ത്രിയായി. രാഷ്ട്രീയത്തിൽ നവാഗതനായിരുന്നു എങ്കിലും, തകർന്നടിഞ്ഞ് കിടന്ന കെ.എസ്.ആർ.ടി.സിയെ വളരെ മികച്ച ഒരു ഭരണസംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുന്ന കാര്യത്തിൽ ഗണേഷ് വിജയിച്ചു.

എന്നാൽ വ്യക്തിജീവിതത്തിലെ പ്രശ്നങ്ങൾ ഗണേഷ്കുമാറിന്റെ കരിയറിനെ പലപ്പോഴും ബാധിച്ചു. ഗാർഹികപീഡനവും, പരസ്ത്രീ ബന്ധവും ആയിരുന്നു ഡോ. യാമിനി തങ്കച്ചിയുമായുള്ള ഗണേഷ്കുമാറിന്റെ വിവാഹബന്ധം പിരിയാനുള്ള കാരണം. മന്ത്രിസ്ഥാനം പോകുന്നതിലേക്ക് നയിച്ച പ്രശ്നങ്ങളായിരുന്നു ഈ കുടുംബജീവിതത്തിലുണ്ടായത്. 1994 മെയ് മാസത്തിലാണ് അന്ന് ഗവേഷകയായിരുന്ന യാമിനി തങ്കച്ചിയെ ഗണേഷ് കുമാർ വിവാഹം ചെയ്യുന്നത്. ഈ ബന്ധത്തിൽ രണ്ടാണ്മക്കളുണ്ട്. ഒരിക്കൽ അകന്നു ജീവിച്ച അവർ ഒന്നിച്ചുവെങ്കിലും, ഒടുവിൽ വിവാഹ മോചനത്തിൽ കലാശിക്കുകയായിരുന്നു



**യാമിനി തങ്കച്ചി 200 മില്യൺ രൂപ വിവാഹ മോചനത്തിനുള്ള ജീവനാംശമായി ആവശ്യപ്പെട്ടിരുന്നു. ഇതിൽ ഇടക്കാല ജീവനാംശമായി 25 മില്യനും ആവശ്യപ്പെട്ടു. ഗാർഹിക പീഡനം ആരോപിച്ചാണ് യാമിനി തങ്കച്ചി വിവാഹമോചന ഹർജി സമർപ്പിച്ചത്. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് മുൻപാകെ യാമിനി തങ്കച്ചി രേഖാമൂലം പരാതി നൽകി. തുടർന്ന് 2013 ഏപ്രിൽ മാസത്തിൽ ഗണേഷ് കുമാർ മന്ത്രിസ്ഥാനം രാജിവച്ചു.**

യാമിനി തങ്കച്ചി 200 മില്യൺ രൂപ വിവാഹമോചനത്തിനുള്ള ജീവനാംശമായി ആവശ്യപ്പെട്ടിരുന്നു. ഇതിൽ ഇടക്കാല ജീവനാംശമായി 25 മില്യനും ആവശ്യപ്പെട്ടു. ഗാർഹിക പീഡനം ആരോപിച്ചാണ് യാമിനി തങ്കച്ചി വിവാഹമോചന ഹർജി സമർപ്പിച്ചത്. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് മുൻപാകെ യാമിനി തങ്കച്ചി രേഖാമൂലം പരാതി നൽകി. തുടർന്ന് 2013 ഏപ്രിൽ മാസത്തിൽ ഗണേഷ് കുമാർ മന്ത്രിസ്ഥാനം രാജിവച്ചു. കേസ് കോടതിയിൽ എത്തിയെങ്കിലും, തിരുവനന്തപുരത്ത് അവർ താമസിച്ചിരുന്ന വീടും, വലിയ ഒരു തുക നഷ്ടപരിഹാരവും നൽകിയ ശേഷം 2013-ൽ അവർ വിവാഹമോചിതരായി.

തുടർന്ന് 2014 ജനുവരിയിലാണ് കൊട്ടാരക്കരയിലെ 'വിവാദ' തറവാട് വീട്ടിൽ വച്ച് അന്ന് 47വയസുള്ളപ്പോൾ മാധ്യമസ്ഥാപനത്തിന്റെ വിദേശവിഭാഗത്തിലെ ഉദ്യോഗസ്ഥയായ ബിന്ദു മേനോനെ വിവാഹം കഴിച്ചത്. ഇപ്രാവശ്യം മന്ത്രിസ്ഥാനത്തിനായി സത്യപ്രതിജ്ഞ ചെയ്ത വേളയിൽ ബിന്ദു ഗണേഷ്കുമാറിനെ വാനോളമുയർത്തി സംസാരിച്ചിരുന്നു.

# ബിനിൽ ബെന്നിയും ടിയ ബാബുവും: ഫൊക്കാന ടീം ഇന്റഗ്രിറ്റിയിൽ യൂത്ത് പ്രതിനിധികൾ ആയി മത്സരിക്കുന്നു



ജോർജ് നടവയൽ

ടാമ്പാ: ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) തിരഞ്ഞെടുപ്പിൽ ഫീലിപ്പോസ് ഫിലിപ്, സന്തോഷ് നായർ, ആന്റോ വർക്കി എന്നിവർ നേതൃത്വം നൽകുന്ന ടീം ഇന്റഗ്രിറ്റിലൂടെ യുവജന കാര്യ സമിതി അംഗങ്ങളായി ഫ്ളോറിഡയിൽ നിന്ന് ബിനിൽ ബെന്നിയും ടിയ ബാബുവും മത്സരിക്കുന്നു. ക്ലീൻ ഇമേജ് കാമ്പെയ്ൻ, ശക്തമായ കമ്മ്യൂണിറ്റി പിന്തുണ, സുതാര്യത, ഐക്യം, സേവനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന സ്ഥാനാർത്ഥികളുടെ നിരയുള്ള ടീ ഇന്റഗ്രിറ്റിയുടെ ഭാഗമായി ഫൊക്കാനയെ മുന്നേറ്റുവാൻ ഉള്ള യത്നത്തിൽ ഞങ്ങളും ചേരുന്നൂ എന്ന് അവർ അറിയിച്ചു.



**ബിനിൽ ബെന്നി**

ബിനിൽ ബെന്നി വിദഗ്ദ്ധയായ യുവ അക്കൗണ്ടന്റാണ്. പ്രൊഫഷണൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന മാദ്ധ്യമങ്ങളുടെ പ്രശംസാ പേജുകളിൽ അക്കൗണ്ടിംഗ് മേഖലയിൽ തുടർച്ചയായ വളർച്ച കൈവരിച്ചവരുടെ പട്ടികയിൽ ബിനിൽ ബെന്നി ഇടം നേടിയിട്ടുണ്ട്. മലയാളി അസോസിയേഷൻ ഓഫ് ടാമ്പ (MAT) യുടെ സാംസ്കാരിക പരിപാടികളിലെ ഏകോപന നിർവഹണ സാമർത്ഥ്യത്തിനൊപ്പം,, വിവിധ കമ്മ്യൂണിറ്റി സംരംഭങ്ങളിൽ ഉത്സാഹപൂർവം സംഭാവനകൾ നൽകുന്ന യുവ പ്രവർത്തക എന്ന ഖ്യാതിയുമാണ് ബിനിൽ ബെന്നിയെ ശ്രദ്ധാകേന്ദ്രമാക്കുന്നത്. സാമ്പത്തിക ആസൂത്രണത്തിനും ക്രമീകരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന റീജിയണൽ സൗത്ത് വെസ്റ്റ് റിട്രീറ്റ് ഫിനാൻസ് ടീമിലെ അംഗം കൂടിയാണ് ബിനിൽ ബെന്നി. യുവക്ഷേമ കാര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നതിലും, സാംസ്കാരിക മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും, ബിനിൽ ബെന്നി ഉത്സുകയാണ്.

**ടിയ ബാബു**

ടിയ ബാബു ആരോഗ്യ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന യുവ നേതാവാണ്. മലയാളി അസോസിയേഷൻ ഓഫ് ടാമ്പ (MAT) യും, ടാമ്പാ മലയാളി അസോസിയേഷനും (TMA) സംഘടിപ്പിക്കാറുള്ള സാംസ്കാരിക സമ്മേളനങ്ങളിൽ, നൃത്ത കലാശില്പങ്ങൾ മികവുറ്റ രീതിയിൽ ഏകോപിപ്പിക്കുകയും രംഗാവിഷ്ക്കരങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യുവജനനന്മയ്ക്കുതകുന്ന പദ്ധതികൾ രൂപ കല്പന ചെയ്യുന്നതിലും ആരംഗത്ത് ശ്രദ്ധാർഹമായ സംഭാവനകൾ നൽകുന്നതിലും ടിയ ബാബു അതിയായ താൽപ്പര്യം പുലർത്തുന്നു.


#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
mediaappusa.com
For more info: 1-917-662-1122 | info@medialogistics.us